# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/ALP/P9/1195/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 08/11/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തണ്ണീർമുക്കം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തണ്ണീർമുക്കം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/ALP/P9/1195/2023 തീയ്യതി: 08/11/2023

## ആലപ്പുഴ ജില്ലയിലെ തണ്ണീർമുക്കം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ തണ്ണീർമുക്കം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2022 മുതൽ 20-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 16-09-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.രാജീവ് ആർ | ഡെപ്യൂട്ടി ഡയറക്ടർ | 07-09-2023 | 16-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 07-09-2023 | 16-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.എൻ. വിജയകുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീ. ശ്രീകാന്ത് സി.എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി രാജിമോൾ പി.സി.,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി ലേഖ പി.കെ.,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. മഞ്ജുള കെ. | പ്രസിഡന്റ് | 01-04-2022 | 10-02-2023 |
| പ്രവീൺ.ജി.പണിക്കർ | പ്രസിഡന്റ് | 10-02-2023 | 14-03-2023 |
| ശ്രീമതി.ജി.ശശികല | പ്രസിഡന്റ് | 15-03-2023 | 31-03-2023 |
| ഉദയസിംഹൻ .പി.പി | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഷാനവാസ് | കൃഷി ഓഫീസർ | 01-04-2022 | 07-08-2022 |
| ജീഷ്മ ഷാജി(ഇൻ ചാർജ്) | കൃഷി ഓഫീസർ | 08-08-2022 | 21-09-2022 |
| ശ്രീ.ഷാനവാസ് | കൃഷി ഓഫീസർ | 22-09-2022 | 12-01-2023 |
| പി.എൻ.കൃഷ്ണ(ഇൻ ചാർജ്) | കൃഷി ഓഫീസർ | 13-01-2023 | 05-02-2023 |
| ശ്രീ.ഷാനവാസ് | കൃഷി ഓഫീസർ | 06-02-2023 | 31-03-2023 |
| സുനിൽ രാജ്.പി.എൻ | വി.ഇ.ഒ(കൊക്കോതമംഗലം സർക്കിൾ) | 01-04-2022 | 31-03-2023 |
| അമ്പിളി.എസ് | വി.ഇ.ഒ(തണ്ണീർമുക്കം സർക്കിൾ | 01-04-2022 | 04-01-2023 |
| സുനിൽ രാജ്.പി.എൻ | വി.ഇ.ഒ(തണ്ണീർമുക്കം സർക്കിൾ)അഡീഷണൽ ചാർജ് | 05-01-2023 | 31-03-2023 |
| പ്രശാന്ത്.പി.എൻ | വി.ഇ.ഒ(മുട്ടത്തിപ്പറമ്പ്) | 01-04-2022 | 31-03-2023 |
| ശ്രീമതി. ജയകല പി.വി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഉഷ.എൻ | ഹെഡ്മാസ്റ്റർ, ജി.യു.പി.എസ്., വെള്ളിയാകുളം | 01-04-2022 | 31-03-2023 |
| ഡോ.മുഹമ്മദ് റിസ്വാൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2022 | 31-03-2023 |
| ഡോ.യേശുദാസ്.കെ.ജെ | മെഡിക്കൽ ഓഫീസർ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| | (ആയുർവേദം) | | |
| ഡോ.റാണി ഭരതൻ | വെറ്റനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീ. പ്രവീൺകുമാർ കെ.എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 12-12-2022 |
| സജി.ടി.ആർ | അസിസ്റ്റന്റ് സെക്രട്ടറി | 13-12-2022 | 31-03-2023 |
| ശ്രീമതി. സിനി ആർ.എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 05-09-2022 |
| ശ്രീമതി.ലീന.പി | അസിസ്റ്റന്റ് എഞ്ചിനീയർ | 06-09-2022 | 31-03-2023 |
| ഡോ.എൻ.കെ.ജീന | മെഡിക്കൽ ഓഫീസർ (ഹോമിയോ ) | 01-04-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക-ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല | 1-1-2 |
| 4 | ഇ-പേയ്മെന്റ് അക്കൗണ്ടിലെ നീക്കിയിരുപ്പ് തുകയിൽ വ്യത്യാസം നിലനിൽക്കുന്നു | 1-1-3 |
| 5 | വരവ് രജിസ്റ്ററുകളിൽ ഡിസിബി തയ്യാറാക്കി സൂക്ഷിക്കുന്നില്ല | 1-1-4 |
| 6 | യഥാസമയം ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-5 |
| 7 | രജിസ്റ്ററുകൾ കൃത്യമായി തയ്യാറാക്കുന്നില്ല | 1-1-6 |
| 8 | വസ്തുനികുതി സഞ്ചയ,സാംഖ്യ പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 12 | ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരമുള്ളത്) | 1-4 |
| 13 | പദ്ധതി അവലോകനം | 1-5 |
| 14 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 15 | ക്ഷേമ പദ്ധതികൾ | 1-7 |
| 16 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 17 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 18 | വസ്തുനികുതി നിർണ്ണയത്തിൽ ആവശ്യമായ വർദ്ധനവ് നൽകിയില്ല | 1-10 |
| 19 | തൊഴിൽ നികുതി ഈടാക്കിയില്ല | 1-11 |
| 20 | കെട്ടിട വാടക കുടിശ്ശിക വർദ്ധിക്കുന്നു | 1-12 |
| 21 | ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-13 |
| 22 | ഇ.എം.ഡി ഇനത്തിൽ കൈപ്പറ്റിയ ചെക്കുകൾ പണമാക്കാതെ സൂക്ഷിച്ചു | 1-14 |
| 23 | തനതു വരുമാനവർദ്ധനവിനായി സ്വീകരിച്ച മാർഗ്ഗങ്ങളും പുരോഗതിയും | 1-15 |
| 24 | ഓപ്പൺ ജിംനേഷ്യം-ഉപകരണങ്ങൾ വാങ്ങിയെങ്കിലും പ്രവർത്തനം ആരംഭിച്ചിട്ടില്ല | 1-16 |
| 25 | മെറിറ്റോറിയസ് സ്കോളർഷിപ്പ്-അധികം തുക നൽകി | 1-17 |
| 26 | മെൻസ്ട്രുവൽ കപ്പ് വിതരണം -പദ്ധതി പൂർത്തീകരിച്ചില്ല | 1-18 |
| 27 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ -മരുന്നുകൾ പൂർണ്ണമായും | 1-19 |

| | | |
|---|---|---|
| | ലഭ്യമായില്ല | |
| 28 | കാർഷിക മേഖലയിലെ പദ്ധതികൾ - വിതരണം പൂർണ്ണമല്ല | 1-20 |
| 29 | ഡയാലിസിസ് ധനസഹായം നൽകൽ-രേഖകളില്ലാതെ ആനുകൂല്യം നൽകി | 1-21 |
| 30 | കന്നുകുട്ടി പരിപാലനം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 1-22 |
| 31 | വൈകി അപേക്ഷ സമർപ്പിച്ചെങ്കിലും വിവാഹ ധനസഹായം നൽകി | 1-23 |
| 32 | എസ്.എസ്.എ വിഹിതം നൽകൽ -വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല | 1-24 |
| 33 | മരുത്തോർവട്ടം കുട്ടമപ്പള്ളി തോട് നവീകരണം - എർത്ത് വർക്ക് പ്രവൃത്തിയ്ക്ക് ഉയർന്ന നിരക്കിൽ ജി.എസ്.റ്റി. അനുവദിച്ചു | 1-25 |
| 34 | ടേക്ക് എ ബ്രേക്ക് - വാർഡ് 3 പൂർത്തീകരണം - പെയിന്റിംഗ് പ്രവൃത്തിയിൽ ഇരട്ടിപ്പ് - കരാറുകാരന് അധിക തുക നൽകി | 1-26 |
| 35 | നങ്ങേലിപുര – വനിതകൾക്ക് കൗൺസലിംഗ് & ഫിറ്റ്നസ് സെന്റർ (വാർഡ് 3) – പദ്ധതി നിർവ്വഹണത്തിൽ ക്രമാതീതമായ കാലതാമസം | 1-27 |
| 36 | നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയില്ല | 1-28 |
| 37 | റോഡ് കണക്ടിവിറ്റി മാപ്പിംഗ് - പ്രവൃത്തി പൂർത്തീകരിച്ചില്ല | 1-29 |
| 38 | തൊഴിലുറപ്പ് പദ്ധതി - കാലിത്തൊഴുത്ത് നിർമ്മാണം - മാർക്കറ്റ് നിരക്കിനേക്കാൾ കൂടിയ നിരക്കിൽ തുക നൽകി | 1-30 |
| 39 | തൊഴിലുറപ്പ് പദ്ധതി - പന്തിപ്പുറത്ത്കരി മണ്ണുമ്മേക്കരി റോഡ് കോൺക്രീറ്റിംഗ് - എം.ബുക്കിൽ രേഖപ്പെടുത്തിയതിൽ അധിക അളവിൽ തുക അനുവദിച്ചു | 1-31 |
| 40 | ആഫ്രിക്കൻ ഒച്ച് നശീകരണം-പദ്ധതി പൂർത്തീകരിച്ചില്ല-തുക തടസ്സപ്പെടുത്തുന്നു | 1-32 |
| 41 | പാലിയേറ്റീവ് പരിചരണം -മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല | 1-33 |
| 42 | ഓഡിറ്റ് ഇംപാക്ട് | 1-34 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | മരുത്തോർവട്ടം കുട്ടമപ്പള്ളി തോട് നവീകരണം - എർത്ത് വർക്ക് പ്രവൃത്തിയ്ക്ക് ഉയർന്ന നിരക്കിൽ ജി.എസ്.റ്റി. അനുവദിച്ചു | 3-1 |
| 2 | ടേക്ക് എ ബ്രേക്ക് - വാർഡ് 3 പൂർത്തീകരണം - പെയിന്റിംഗ് പ്രവൃത്തിയിൽ ഇരട്ടിപ്പ് - കരാറുകാരന് അധിക തുക നൽകി | 3-2 |
| 3 | തൊഴിലുറപ്പ് പദ്ധതി - കാലിത്തൊഴുത്ത് നിർമ്മാണം - മാർക്കറ്റ് നിരക്കിനേക്കാൾ കൂടിയ നിരക്കിൽ തുക നൽകി | 3-3 |
| 4 | തൊഴിലുറപ്പ് പദ്ധതി - പന്തിപ്പുറത്ത്കരി മണ്ണുമ്മേക്കരി റോഡ് | 3-4 |

| | | |
|---|---|---|
| | കോൺക്രീറ്റിംഗ് - എം.ബുക്കിൽ രേഖപ്പെടുത്തിയതിൽ അധിക അളവിൽ തുക അനുവദിച്ചു | |
| 5 | മെറിറ്റോറിയസ് സ്കോളർഷിപ്പ് അധികം തുക നൽകി | 3-5 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 24.07.2023-ലെ 1(1) നം. കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 25.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള തണ്ണീർമുക്കം ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി തണ്ണീർമുക്കം ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള റേഷ്യോസ്, നോട്സ് ടു അക്കൗണ്ട്സ് എന്നീ പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രിക-ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരുപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

### 1-1-3 ഇ-പേയ്മെന്റ് അക്കൗണ്ടിലെ നീക്കിയിരുപ്പ് തുകയിൽ വ്യത്യാസം നിലനിൽക്കുന്നു

വാർഷിക കണക്കിലെ RP-40(b) ഷെഡ്യൂൾ പ്രകാരം SBI Epayment അക്കൗണ്ടിലെ (A/c No. 10909) നീക്കിയിരുപ്പ് 4594790/- രൂപയാണ്. എന്നാൽ ബാങ്ക് റിക്കൺസിലേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ടി അക്കൗണ്ടിലെ നീക്കിയിരുപ്പ് 4609335/- രൂപയുമാണ്. വ്യത്യാസം 14545/- രൂപ. (IKM സോഫ്റ്റ് വെയറിൽ പുതുതായി ഒരു ബാങ്ക് അക്കൗണ്ട് ERROR ആയി ജനറേറ്റ് ചെയ്തതുമൂലമാണ് E Pay അക്കൗണ്ടിൽ വ്യത്യാസം വന്നതെന്നും അപാകത പരിഹരിക്കുന്നതിനായി IKM ന് കംപ്ലെയ്ന്റ് രജിസ്റ്റർ ചെയ്തിട്ടുള്ളതായും മറുപടി നൽകി).

### 1-1-4 വരവ് രജിസ്റ്ററുകളിൽ ഡിസിബി തയ്യാറാക്കി സൂക്ഷിക്കുന്നില്ല

വാടക, തൊഴിൽനികുതി, ലേലം, ലൈസൻസ് ഫീസ് തുടങ്ങിയ വരവിനങ്ങളുടെ രജിസ്റ്ററിൽ ഡിസിബി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ആയതിനാൽ വാർഷിക കണക്കിൽ ചേർത്തിട്ടുള്ള വിവിധ വരവുകളുടെ ആധികാരികത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

### 1-1-5 യഥാസമയം ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

വസ്തുനികുതി, തൊഴിൽനികുതി, വാടക എന്നിവയുടെ ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് ഓരോ മാസവും ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. വർഷാവസാനം മാത്രമാണ് ലെഡ്ജറിൽ ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നത്.

### 1-1-6 രജിസ്റ്ററുകൾ കൃത്യമായി തയ്യാറാക്കുന്നില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ (Advance To Others) എന്നിവ കൃത്യമായി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

### 1-1-7 വസ്തുനികുതി സഞ്ചയ,സാംഖ്യ പൊരുത്തപ്പെടുന്നില്ല

വസ്തുനികുതി സഞ്ചയ ഡി.സി.ബി പ്രകാരമുള്ള കളക്ഷൻ തുകയും വാർഷിക കണക്കിലെ തുകയും പൊരുത്തപ്പെടുന്നില്ല.

### 1-1-8 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല

തൻവർഷം ആർജ്ജിച്ച ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

### 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 23/03/2022 തീയതിയിലെ 1(2) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 23/03/2023 തീയതിയിലെ 1(1) നമ്പർ തീരുമാന പ്രകാരം ബജറ്റ് പുതുക്കിയിട്ടുണ്ട്.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 419452008 | 415594001 |

| | | |
|---|---|---|
| വാർഷിക കണക്ക് പ്രകാരം (ഇൻകം&എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം) | 288749795 | 291767760 |

1-3 സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 59972341.17 |
| വരവ് | 75653873 |
| ആകെ | 135626214.17 |
| ചെലവ് | 72503939 |
| നീക്കിയിരിപ്പ് | 63122275.17 |

1-4 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരമുള്ളത്)

| | മുന്നിരിപ്പ് | സോഴ്സിൽ പിടിച്ചത് | അലോട്ട്മെന്റ് വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 6210260 | 27408340 | 33618600 | 31368155 | 2250445 (ലാപ്സായി) |
| വികസനഫണ്ട് (എസ്.സി.പി) | 0 | 434593 | 3514407 | 3949000 | 3949000 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 183497 | 382503 | 566000 | 566000 | 0 |
| മെയിന്റനൻസ് ഫണ്ട് -റോഡ് | 0 | 0 | 7941000 | 7941000 | 5646665 | 2294335(ലാപ്സായി) |
| മെയിന്റനൻസ് ഫണ്ട് -നോൺ റോഡ് | 0 | 0 | 9204000 | 9204000 | 6172817 | 3031183(ലാപ്സായി) |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്- ടൈഡ് -ട്രഷറി | 0 | 0 | 3604633 | 3604633 | 917845 | 2686788(ലാപ്സായി) |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ് -ബാങ്ക് | 4171849 | 0 | 7739000 | 11910849 | 6476231 | 5434618 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് -അൺടൈഡ് -ട്രഷറി | 0 | 0 | 0 | 0 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് -അൺടൈഡ് -ബാങ്ക് | 0 | 0 | 5485311 | 5485311 | 4996584 | 488727 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 192 | 196734049 | 112 | 74715010 | 19 | 61 | 58.33 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 568 | 1413747 | 1414315 | 900117 | 514198 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് CC | | 134649028<br>2146855 | 134649028<br>2146855 | 134649028<br>2146855 | 0 |
| ആകെ | 568 | 138209630 | 13821098 | 137696000 | 514198 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 83040 | 48 |
| കർഷകതൊഴിലാളി പെൻഷൻ | 3874800 | 360 |
| വിധവാ പെൻഷൻ | 10827600 | 1042 |
| വാർദ്ധക്യകാല പെൻഷൻ | 27027800 | 2697 |
| വികലാംഗ പെൻഷൻ | 6340000 | 610 |
| അവിവാഹിത പെൻഷൻ | 1417000 | 128 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 450000 | 15 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.09.2023 തീയതിയിൽ 02.30 P.M സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 50,725/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. തപാലുകൾ ലഭിക്കുന്നതും അവയുടെ വിതരണവും സംബന്ധിച്ച വിവരങ്ങൾ സൂചികയിൽ നിന്നും ലഭ്യമാണെങ്കിലും അവയുടെ തീർപ്പാക്കൽ വിവരങ്ങൾ പൂർണ്ണമായും സൂചികയിൽ നിന്നും ലഭ്യമാകുന്നില്ല.

2 ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3. സാമൂഹ്യക്ഷേമ പെൻഷൻ വിതരണം - മരണപ്പെട്ടവരുടെ പേര് യഥാസമയം ഡേറ്റാ ബേസിൽ നിന്നും സസ്പെന്റ് ചെയ്യാത്തത് മൂലം അനർഹമായ കാലയളവിലേയ്ക്കും പെൻഷൻ അനുവദിക്കപ്പെടുന്നു.

4. പഞ്ചായത്തിലെ ഇലക്ട്രോണിക് ഉപകരണങ്ങളുടേയും, മറ്റ് സാമഗ്രികളുടേയും സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി വാർഷിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

5. മരാമത്ത് പ്രവൃത്തികളുടെ യഥാസമയത്തുള്ള പൂർത്തീകരണം ഉറപ്പാക്കപ്പെടുന്നില്ല. പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് നൽകുന്നതുമായി ബന്ധപ്പെട്ട് നിയമപ്രകാരമുള്ള നടപടികൾ പാലിക്കപ്പെടുന്നില്ല.
മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 വസ്തുനികുതി നിർണ്ണയത്തിൽ ആവശ്യമായ വർദ്ധനവ് നൽകിയില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും ചട്ടങ്ങളിലെ ചട്ടം 6 ലെ പട്ടിക 1 പ്രകാരം അടിസ്ഥാന വസ്തുനികുതിയിൽ അനുവദനീയമായ ഇളവുകളും വർദ്ധനവുകളും നൽകിയാണ് വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടത്. പഞ്ചായത്തിന്റെ നികുതി നിർണ്ണയ ഫയലുകൾ പരിശോധിച്ചതിൽ ഇതിൽ നിന്നും വ്യത്യസ്തമായി നികുതി നിർണ്ണയിച്ചവയുടെ വിവരം താഴെകൊടുക്കുന്നു.

1)ഉയർന്ന തരം തറനിർമ്മിതി ഉള്ള 250 ചതുരശ്രമീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് നല്കേണ്ട 15% വർദ്ധനവ് നല്കാതെ നികുതി നിർണ്ണയിച്ചിട്ടുള്ളവയുടെ വിവരം

| ക്രമ നം. | പേര്/വിലാസം/ കെട്ടിടനമ്പര് | വിസ്തീർണ്ണം | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|---|
| 1 | അരുൺ എബ്രഹാം, പാണാട് 21/491A | $301.88m^2$ വീടുകൾ | @7=2113.16 ആകെ നികുതി=2114 | @7=2113.16 ഉയർന്ന തരം തറനിർമ്മിതി വർദ്ധനവ്- 15%=317 ആകെ നികുതി=2431 | 317 |
| 2 | ബാലകൃഷ്ണമേനോൻ, അതുൽ ബാലകൃഷ്ണൻ | $401.68m^2$ പാർപ്പിടം | @7=2811.76 വഴിസൌകര്യം വർദ്ധവന് -20%=562.35 | @7=2811.76 വഴിസൌകര്യം വർദ്ധനവ് -20%=562.35 | 422 |

| | | | | | |
|---|---|---|---|---|---|
| | | | ആകെ നികുതി=3374 | ഉയർന്ന തരം തറനിർമ്മിതി വർദ്ധനവ്-15%= 421.76 ആകെ നികുതി=3796 | |

2)ഒരേ കെട്ടിടത്തിന്റെ തന്നെ വിവിധ കെട്ടിടഭാഗങ്ങൾക്ക് വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് വ്യത്യസ്ത രീതിയിൽ നല്കി നികുതി നിർണ്ണയം നടത്തിയിട്ടുണ്ട്. ഈ കെട്ടിടങ്ങളുടെ ലൊക്കേഷൻ സ്കെച്ചിൽ 5 മീറ്ററിലധികം വഴി സൗകര്യം കാണിച്ചിട്ടുമുണ്ട്. ഇവയുടെ നികുതി നിർണ്ണയ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പേര്/വിലാസം/ കെട്ടിടനമ്പർ | വിസ്തീർണ്ണം | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|---|
| 1 | തോമസ്.കെ.ജെ കുട്ടംവീട് (139A,B,C) എന്നീ കെട്ടിടങ്ങൾക്ക് വഴിസൗകര്യത്തിനുള്ള വർദ്ധനവ് നല്കിയിട്ടുണ്ട്. | 20/139F $18.7m^2$ വാണിജ്യാവശ്യം | @50=935 ആകെ നികുതി=935 | @50=935 വഴിസൌകര്യം വർദ്ധനവ് -20% =187 ആകെ നികുതി=1122 | 187 |
| | | 20/139E $18.8m^2$ വാണിജ്യാവശ്യം | @50=940 ആകെ നികുതി=940 | @50=940 വഴിസൌകര്യം വർദ്ധനവ് -20% =188 ആകെ നികുതി=1128 | 188 |
| | | 20/139D $16.13m^2$ വാണിജ്യാവശ്യം | @50=806.5 | @50=806.5 വഴിസൌകര്യം വർദ്ധനവ് -20% =161 ആകെ നികുതി=968 | 161 |
| 2 | രവീന്ദ്രൻ അച്ചംമഠത്തിൽ 7/335A | 14.89 വാണിജ്യാവശ്യം | @50=744.5 പൊതു വഴി സൗകര്യം | @50=744.5 വഴിസൌകര്യം വർദ്ധനവ് | 298 |

| | | | | | |
|---|---|---|---|---|---|
| | (335,335 B എന്നീ കെട്ടിടങ്ങൾക്ക് വഴിസൗകര്യത്തിനുള്ള വർദ്ധനവ് നല്കിയിട്ടുണ്ട് | | ഇല്ല ഇളവ്-148.9 മേൽക്കൂര ഇളവ്-74.45 ആകെ നികുതി-521 | -20%=149 മേൽക്കൂര ഇളവ്-74.45 ആകെ നികുതി-819 | |

മേൽ സൂചിപ്പിച്ചവയിൽ ആവശ്യമായ വർദ്ധനവുകൾ നല്കാതെ നികുതി നിർണ്ണയം നടത്തിയിട്ടുള്ളതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നല്കിയതിന് (6/14.09.2023) മറുപടിയായി ടി കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയിച്ച് ഡിമാന്റ് നോട്ടീസ് നല്കിയതിന്റെ പകർപ്പുകൾ ലഭ്യമാക്കിയിട്ടുണ്ട്. ആയതു പ്രകാരമുള്ള നികുതി കുടിശ്ശിക സഹിതം ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-11 തൊഴിൽ നികുതി ഈടാക്കിയില്ല

1994 ലെ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 205, 1996 ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, പൊതുവോ, സ്വകാര്യമായതോ ആയ ഏതെങ്കിലും തൊഴിലിൽ ഏർപ്പെടുന്ന ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററുകളും, റിട്ടേണുകളും പരിശോധിച്ചതിൽ
I)താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലാത്തതായി കാണുന്നു.

1)പ്രിയദർശിനി വനിത സഹകരണസംഘം 1-ാം അർദ്ധവർഷം

2)റേഷൻകട ലൈസൻസികൾ 21 എണ്ണം

സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാധ്യസ്ഥരായവർ (സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാർ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, ടൂറിസ്റ്റ് വാഹന ഉടമകൾ, റേഷൻ വ്യാപാരികൾ) സ്വകാര്യ സ്കൂൾ, കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബെയ്സ് പഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ടോ എന്നതിനും മേൽ സൂചിപ്പിച്ചവരിൽ നിന്നും നികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നല്കിയതിന് (2/8.9.2023) മേൽ സൂചിപ്പിച്ചിട്ടുള്ളവരിൽ നിന്നും നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതായും പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബെയ്സ് തയ്യാറാക്കി വരുന്നതായും അറിയിച്ചിട്ടുണ്ട്. നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവരുടെ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-12 കെട്ടിട വാടക കുടിശ്ശിക വർദ്ധിക്കുന്നു

പഞ്ചായത്തിന്റെ വാർഷിക കണക്കുകൾ പ്രകാരം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടകയിനത്തിൽ മുൻവർഷങ്ങളിലെ കുടിശ്ശികയായി 4,28,410/- രൂപയും 2022-23 വർഷത്തിൽ 62604/-രൂപയും ലഭിക്കാനുണ്ട്. കെട്ടിട വാടക കുടിശ്ശിക ഇനത്തിൽ ലഭിക്കാനുള്ള തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ്

എൻക്വയറി (8/14.9.2023) നല്കിയതിന് മറുപടിയായി 6 വ്യക്തികൾക്കെതിരെ 31.03.2023 ൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചതിന്റെ പകർപ്പുകൾ ലഭ്യമാക്കി ഇതിൽ 4 വ്യക്തികളിൽ നിന്നും നാളിതുവരെയും തുക ലഭിച്ചിട്ടില്ല. ജി.എസ്.ടി, കറന്റ് ചാർജ് എന്നിവയുൾപ്പെടെയുള്ള വാടക ഈടാക്കുന്നതിന് റിക്കവറി നോട്ടീസ് നല്കിയവരുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പേര് | തുക |
|---|---|---|
| 1 | വി.എം.സുബോധ്, പുത്തനങ്ങാടി ഷോപ്പിംഗ് കോംപ്ലക്സ് | 27008 |
| 2 | പി.സി.ബാബു, തണ്ണീർമുക്കം ഷോപ്പിംഗ് കോംപ്ലക്സ് | 39757 |
| 3 | എം.വി.ദാസൻ, മുല്ലശേരി | 1283 |
| 4 | വി.ഡി.വിശ്വംഭരൻ | 2925 |
| ആകെ | | 70973 |

പഞ്ചായത്തിന് ലഭിക്കേണ്ട വരുമാനം ഓരോ വർഷവും ഇത്തരത്തിൽ നഷ്ടപ്പെടുന്നത് നല്ല പ്രവണതയല്ല. കെട്ടിട വാടക കുടിശ്ശിക ഇനത്തിൽ ലഭിക്കാനുള്ള തുക ഈടാക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1996 ലെ കേരള പഞ്ചായത്ത് രാജ് (അപകടകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും, ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമുള്ളതും, പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതുമായ താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ 2022-23 വർഷത്തേക്ക് ലൈസൻസ് എടുത്തിട്ടില്ലാത്തതായി കാണുന്നു.

1) എസ്.എസ് കയർ മാറ്റ്സ് & മാറ്റിംഗ്സ്

2)കൊക്കോതമംഗലം ക്ഷീരോല്പ്പാദക സഹകരണ സംഘം 150D

3)കയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ചെങ്ങണ്ട, നം 555

4)വാരണം ക്ഷീരോല്പ്പാദക സഹകരണ സംഘം 139D

5)പ്രത്യാശ ക്യാൻസർ റിസർച്ച് സെന്റർ

6)പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 15 കള്ള്ഷാപ്പുകൾ

7)റേഷൻകടകൾ-21 എണ്ണം

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതിന് വിശദീകരണം ലഭ്യമാക്കുവാനും, വാർഡ് അടിസ്ഥാനത്തിൽ സമഗ്രമായ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ എന്നതിനും ഓഡിറ്റ് എൻക്വയറി (21/15.9.2023) നൽകിയതിന് മേൽ സൂചിപ്പിച്ച സ്ഥാപനങ്ങൾക്ക് നോട്ടീസ് നല്കി ലൈസൻസ് പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായും ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി വരുന്നതായും മറുപടി ലഭ്യമാക്കി. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ്.

## 1-14 ഇ.എം.ഡി ഇനത്തിൽ കൈപ്പറ്റിയ ചെക്കുകൾ പണമാക്കാതെ സൂക്ഷിച്ചു

ഗ്രാമ പഞ്ചായത്തിൽ ഹെഡ്മാസ്റ്റർ നിർവഹണോദ്യോഗസ്ഥയായി 2022-23 സാമ്പത്തിക വർഷം നടപ്പാക്കിയ എസ്.ടി.വിദ്യാർത്ഥികൾക്ക് പാഠനോപകരണങ്ങൾ (നം. 202/22)എന്ന പ്രോജക്ടിലുൾപ്പെടുത്തി എസ്.ടി വിഭാഗത്തിലുൾപ്പെട്ട കുട്ടികൾക്ക് പഠനോപകരണങ്ങൾ വാങ്ങി

നൽകുന്നതിനായി ടെൻഡർ ക്ഷണിച്ചതു പ്രകാരം 4 സ്ഥാപനങ്ങളുടെ ടെൻഡർ ലഭിച്ചിട്ടുണ്ട്. ഇതിൽ രണ്ട് സ്ഥാപനങ്ങളുടെ ഇ.എം.ഡി ഇനത്തിൽ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ ലഭിച്ചിട്ടുള്ള ചെക്കുകൾക്ക് റസീപ്റ്റ് നല്കുകയോ ആയത് പണമാക്കി മാറ്റുകയോ ചെയ്യാതെ ഇപ്പോഴും ഫയലിൽതന്നെ സൂക്ഷിച്ചിരിക്കുകയാണ്. വിശദവിവരം താഴെ കൊടുക്കുന്നു.

1) പാലത്ര എജൻസീസ്, ഏറ്റുമാനൂർ, എസ്.ബി.ഐ ചെക്ക് നം. 392580/10.8.2022 തുക- 1750/-
2) വി & പി ഏജൻസീസ് മങ്കോമ്പ് എസ്.ബി.ഐ ചെക്ക് നം. 595597/10.08.2023 തുക -1750/-

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ ചട്ടം 20(2)(എ) പ്രകാരം നിർവഹണ ഉദ്യോഗസ്ഥർ പഞ്ചായത്തിനു വേണ്ടി ക്യാഷ്, ചെക്ക്, ഡിമാന്റ് ഡ്രാഫ്റ്റ്, ഇന്ത്യൻ പോസ്റ്റൽ ഓർഡർ അല്ലെങ്കിൽ മറ്റ് മാർഗ്ഗങ്ങൾ മുഖേന പണം സ്വീകരിക്കുമ്പോൾ ഇൻസ്ട്രുമെന്റ് ഏതാണെന്ന് രേഖപ്പെടുത്തി യാതൊരു വീഴ്ചയുമില്ലാതെ രസീത് നല്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ ചട്ടത്തിന് വിരുദ്ധമായി, ലഭിച്ച ചെക്കുകൾക്ക് റസീപ്റ്റ് നല്കുകയോ ആയത് യഥാസമയം പഞ്ചായത്തിൽ ഒടുക്കി ബാങ്ക് അക്കൌണ്ടിലേയ്ക്ക് വരവ് വെയ്ക്കുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (28/16.9.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

1-15 തനതു വരുമാനവർദ്ധനവിനായി സ്വീകരിച്ച മാർഗ്ഗങ്ങളും പുരോഗതിയും

സർക്കാർ ഗ്രാന്റിനു പുറമെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഗ്രാമപഞ്ചായത്തുകൾ പുതിയ തനതുവരുമാന മേഖലകൾ കണ്ടെത്തേണ്ടതുണ്ട്. എന്നാൽ പഞ്ചായത്ത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ യോഗങ്ങളിൽ പുതിയ തനതു വരുമാനമേഖലകൾ കണ്ടെത്തുന്നതിനായി നിർദ്ദേശങ്ങളൊന്നുമില്ല. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും യഥാർത്ഥ വരവും താഴെകൊടുക്കുന്നു.

| വരവിനം | ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | ഐ.എൽ.ജി.എം.എസ് പ്രകാരം വരവ് | സഞ്ചയപ്രകാര മുള്ള ഡിമാന്റ് | സഞ്ചയപ്രകാരം വരവ് |
|---|---|---|---|---|
| വസ്തുനികുതി | 1100000 | 7096361 | 11036313 | 8217515 |
| തൊഴിൽനികുതി | 460000 | 3310410 | - | - |
| വാടക | 960000 | 935292 | - | - |

2022-23 ലെ വസ്തു നികുതി പിരിക്കുന്നതിനായി കുടുംബശ്രീ മുഖേന ഡിമാന്റ് നോട്ടീസ് വിതരണം നടത്തുകയും വാർഡുകളിൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും മറ്റ് പ്രചാരണമാർഗ്ഗങ്ങൾ അവലംബിക്കുകയും ചെയ്തതിന്റെ ഫലമായി 100% നികുതിയും ലഭിച്ചിട്ടുണ്ടെങ്കിലും പഞ്ചായത്തിന്റെ വസ്തുനികുതി ഡിമാന്റിൽ 26 ലക്ഷം രൂപയുൾപ്പെടുത്ത് റവന്യൂ റിക്കവറി, സ്റ്റേ എന്നിവയിൽ ഉൾപ്പട്ടിരിക്കുകയാണ്.

സ.ഉ.(കൈ) നം.77/2023/LSGD തീയതി 22.03.2023 പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ 01.04.2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളിൽ (ക്രമ നം.10) കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ്‌വെയറിൽ ചേർക്കേണ്ടതാണെന്നും ഇതിനാവശ്യമായ പരിശോധനകൾ 30.06.2023 ന

മുൻപായി പൂർത്തിയാക്കേണ്ടതാണെന്നും പറയുന്നു. ആയതിന്റെ വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഉദ്യോഗാർത്ഥികളെ ലഭിച്ചിട്ടുണ്ടെങ്കിലും സഞ്ചയ സോഫ്റ്റ്‌വെയറിൽ നിർദ്ദേശം വന്നിട്ടില്ലാത്തതിനാൽ വിവരശേഖരണം ആരംഭിച്ചിട്ടില്ല. 01.04.2023 മുതൽ വസ്തുനികുതിയിൽ 5% വർദ്ധനവ് നിലവിലിൽ വന്നിട്ടുണ്ട്. വസ്തു നികുതി പരിഷ്കരണ നിരക്കുകൾ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 27.06.2023ലെ 7(1) തീരുമാനപ്രകാരം 13.072023 അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടത്താത്തതിനാൽ നികുതി ഈടാക്കി തുടങ്ങിയിട്ടില്ല. സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ട് ഓരോ സ്ഥാപനത്തിന്റെയും അടിസ്ഥാന നികുതി നിരക്ക് വിജ്ഞാപനം ചെയ്തിട്ടുണ്ട്.

പഞ്ചായത്തിന്റെ സഞ്ചയ ഡാറ്റബെയ്സിൽ 2104 കെട്ടിടങ്ങൾ വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടവയാണ്. എന്നാൽ നിലവിൽ ഇവയിൽ കൂട്ടിച്ചേർക്കലുകൾ വരുത്തി വിസ്തീർണ്ണം വർദ്ധിപ്പിക്കാൻ സാധ്യതയുള്ളതിനാൽ ഫീൽഡ് പരിശോധന പൂർത്തിയാക്കി കെട്ടിടങ്ങളുടെ ശരിയായ വിവരം ഉൾപ്പെടുത്തി നികുതി പുനർ നിർണ്ണയിക്കുന്നതിലൂടെ വൻവരുമാനവർദ്ധനവ് നേടാനാവുന്നതാണ്.

പഞ്ചായത്തിരാജ് വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ, ചട്ടം 30 പ്രകാരം കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ സംഗതിയിൽ സേവനങ്ങളൊന്നും പ്രത്യേകമായി നല്കിയിട്ടില്ലാത്തിടത്തുപോലും മുപ്പത്തിമൂന്നും മൂന്നിലൊന്നുശതമാനവും സർവ്വീസ് ചാർജ് ഈടാക്കാമെന്നിരിക്കെ സർവ്വീസ് ചാർജ് ഈടാക്കുന്നതിനായി ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ശുപാർയോ കമ്മറ്റി തീരുമാനമോ ഇല്ല. വരുമാന വർദ്ധനവിനായി ഇവ ഈടാക്കുന്നതിന് തീരുമാനമെടുക്കാവുന്നതാണ്.

തൊഴിൽ നികുതി

സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാധ്യസ്ഥരായവർ (സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രോഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാർ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ വാഹന ഉടമകൾ, തുടങ്ങിയവരുടെ സമ്പൂർണ്ണ ഡാറ്റാബെയ്സ് പഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

വിനോദ നികുതി

കേബിൾ ടി.വി. നെറ്റ് വർക്ക് ദാതാക്കളിൽ നിന്നും വിനോദ നികുതി ഈടാക്കുന്നതിന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്.

നികുതിയേതര വരവുകൾ

2021-22 ൽ 438 സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസായി 326600/- ലഭിച്ചപ്പോൾ 12.04.2022 ൽ ലൈസൻസ് അദാലത്ത് സംഘടിപ്പിച്ചതിന്റെ ഫലമായി 2022-23 ൽ 588 സ്ഥാപനങ്ങളിൽ നിന്നായി 378900/- ലൈസൻസ് ഫീസിനത്തിൽ ലഭിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് വാർഡ് അടിസ്ഥാനത്തിൽ ഫീൽഡ് പരിശോധന നടത്തി സമഗ്രമായ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിലൂടെയും ക്യാമ്പുകൾ സംഘടിപ്പിച്ച് വ്യാപാരസ്ഥാപനങ്ങളെക്കൊണ്ട് ലൈസൻസ് എടുപ്പിക്കുന്നതിലൂടെയും വരുമാനവർദ്ധനവ് നേടാവുന്നതാണ്.

ആസ്തികളിൽ നിന്നുള്ള ആദായം

പഞ്ചായത്തിന്റെ ആസ്തിയിൽപ്പെട്ട ഷോപ്പിഗ് കോംപ്ലക്സുകൾ വാടകയ്ക്ക് നല്കുന്നുണ്ടെങ്കിലും ഇതിൽ നിന്നുള്ള വരവ് പൂർണ്ണമായും പിരിച്ചെടുക്കുന്നില്ല. വാടകയിനത്തിൽ നാളിതുവരെ ഏകദേശം 5 ലക്ഷം രൂപയ്ക്കടുത്ത് കുടിശ്ശികഇനത്തിൽ ലഭിക്കാനുണ്ട്. ഇത് നഷ്ടപ്പെടാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്തിലെ വാണിജ്യപ്രാധാന്യമുള്ള സ്ഥലങ്ങളിലാണ് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള

ഷോപ്പിംഗ് കോംപ്ലക്സുകൾ സ്ഥിതിചെയ്യുന്നതെങ്കിലും വളരെ കുറഞ്ഞ നിരക്കിലുള്ള വാടകയാണ് ഇവയ്ക്ക് ലഭിക്കുന്നത്. യഥാസമയം നിരക്ക് വർദ്ധനവ് വരുത്തി കടമുറികൾ ലേലം ചെയ്യുന്നത് വരുമാന വർദ്ധനവിന് സഹായകരമാണ്. കാലഹരണപ്പെട്ട ആസ്തികൾ യഥാസമയം ലേലംചെയ്യുന്നതുമായി ബന്ധപ്പെട്ട് ഉപയോഗശൂന്യമായ വസ്തുക്കളും ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് 92328/- രൂപ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടുണ്ട്.

1-16 ഓപ്പൺ ജിംനേഷ്യം-ഉപകരണങ്ങൾ വാങ്ങിയെങ്കിലും പ്രവർത്തനം ആരംഭിച്ചിട്ടില്ല

പ്രോജക്ടിന്റെ പേര് – ഓപ്പൺ ജിം (S0221/23)

അടങ്കൽ – 300000/-(തനത് ഫണ്ട്)

ചെലവ് – 299838

ചെക്ക് നം. 10265/27.2.2023, 299838/-

സ.ഉ(എം.എസ്)നം.115/2022/ത.സ്വ.ഭ.വ., 28.5.2022 പ്രകാരം ജീവിതശൈലി രോഗങ്ങൾ കുറയ്ക്കുന്നതിനും കായികക്ഷമതയുള്ള ജനതയെ വാർത്തെടുക്കുന്നതിനും അടിസ്ഥാന സൗകര്യവികസനത്തിനുമായി ഓപ്പൺ ജിം സ്ഥാപിക്കാവുന്നതാണ്. ഇതിനായി 5 സെന്റ് സ്ഥലമെങ്കിലും കണ്ടെത്താൻ കഴിയുന്ന ഇടങ്ങളിൽ ഓപ്പൺ ജിം സ്ഥാപിക്കുന്നതിന് പ്രോജക്റ്റ് എടുക്കാവുന്നതാണ്. മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതിയിൽ ഓപ്പൺ ജിമ്മിലേക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനായി 299838/- രൂപ കാഡ്കോയ്ക്ക് നൽകുകയും ഇൻവോയ്സ് നം. CRO/22-23/203, 14.2.23 പ്രകാരം ഉപകരണങ്ങൾ കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഓപ്പൺ ജിം സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്താതെയും വ്യക്തമായ മുന്നൊരുക്കങ്ങൾ ഇല്ലാതെയുമാണ് പദ്ധതി തയ്യാറാക്കി തുക ചെലവഴിച്ചിട്ടുള്ളത്. നിലവിൽ ഈ ഉപകരണങ്ങൾ സി.എച്ച്.സി യിൽ സൂക്ഷിച്ചിരിക്കുകയാണ്. ജിംനേഷ്യം സ്ഥാപിക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം. 17/15.9.2023) നൽകിയ മറുപടിയിൽ, പഞ്ചായത്തിലെ 17-ാം വാർഡിൽ ഇതിനായി സ്ഥലം കണ്ടെത്തിയിട്ടുണ്ടെന്നും ഉടൻ തന്നെ ഉപകരണങ്ങൾ സ്ഥാപിക്കുന്നതാണെന്നും അറിയിച്ചു. പദ്ധതിക്കായി ചെലവഴിച്ച 299838/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഉപകരണങ്ങൾ സ്ഥാപിച്ച് ഓപ്പൺ ജിംനേഷ്യം പ്രവർത്തനക്ഷമമാക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

1-17 മെറിറ്റോറിയസ് സ്കോളർഷിപ്പ്-അധികം തുക നൽകി

അടങ്കൽ: 706000/-(SCP)

ചെലവ്: 690000/-

BRN 874279/07.12.2022, 400000/-

BRN 1520604/28.03.2023, 30000/-

BRN 1520366/28.03.2023, 260000/-

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ മെറിറ്റോറിയസ് സ്കോളർഷിപ്പ്(S0137/23) പദ്ധതി പ്രകാരം സർക്കാർ അംഗീകാരമുള്ള വിവിധ കോഴ്സുകൾ പഠിക്കുന്ന എസ്.സി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം ബിരുദ വിദ്യാർത്ഥികൾക്ക് 20000/- രൂപയും ബിരുദാനന്തര ബിരുദത്തിന് 30000/- രൂപ വീതവും ആനുകൂല്യം നൽകാവുന്നതാണ്. ഫയൽ പരിശോധിച്ചതിൽ Post Basic Bsc Nursing വിദ്യാർത്ഥിയായ കുമാരി ആതിര ബി. എന്ന ഗുണഭോക്താവിന് 30000/- രൂപ ആനുകൂല്യം നൽകിയിട്ടുണ്ട്. Post Basic Bsc Nursing കോഴ്സ്, ഒരു ഡിഗ്രി ലെവൽ കോഴ്സായതിനാൽ 20000/- രൂപയാണ് നൽകേണ്ടിയിരുന്നത്. വിശദാംശങ്ങൾ ഭാഗം3-5 ൽ ചേർത്തിട്ടുണ്ട്. കൂടാതെ വിദ്യാർത്ഥികളുടെയും കോഴ്സുകളുടെയും വർഷവും വിവരങ്ങളും

രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കേണ്ടതാണെങ്കിലും ഇപ്രകാരം രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററുകൾ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിന് (5/11.9.2023) മറുപടി ലഭ്യമാക്കിയില്ല.

## 1-18 മെൻസ്ട്രവൽ കപ്പ് വിതരണം -പദ്ധതി പൂർത്തീകരിച്ചില്ല

പ്രോജക്ടിന്റെ പേര് – മെൻസ്ട്രവൽ കപ്പ് വിതരണം(S0240/23)
അടങ്കൽ – 328800/-(വി.ഫണ്ട്-ജനറൽ)
ചെലവ് – 328280

(BRN1212309/20.2.2023,328280)

മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) നിർവ്വഹണം നടത്തിയ ടി പദ്ധതിയിൽ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട വനിതകൾക്ക് മെൻസ്ട്രൽ കപ്പ് വാങ്ങി വിതരണം നടത്തുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. മെൻസ്ട്രൽ കപ്പ് വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ, കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ഗ്ലോബൽ ഫാർമസ്യൂട്ടിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും 290 രൂപ നിരക്കിൽ 1132 കപ്പുകളാണ് വാങ്ങിയിട്ടുള്ളത്. വിതരണ രേഖകൾ പരിശോധിച്ചതിൽ 832 എണ്ണം വിതരണം നടത്തിയതായാണ് കാണുന്നത്. ശേഷിക്കുന്നവ വിതരണം നടത്താത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിനുള്ള (നം. 16/15.9.2023) മറുപടിയിൽ, ചില ഗുണഭോക്താക്കൾ പഠനാവശ്യത്തിനും മറ്റുമായി സ്ഥലത്ത് ഇല്ലാത്തതിനാലാണ് വിതരണം പൂർത്തിയാക്കാൻ കഴിയാതിരുന്നതെന്നും അവർ തിരികെ എത്തുന്ന മുറയ്ക്ക് വിതരണം പൂർത്തിയാക്കുന്നതാണെന്നും അറിയിച്ചു. പ്രസ്തുത സാഹചര്യത്തിൽ വിതരണം പൂർത്തീകരിച്ച് രേഖകൾ ഹാജരാക്കുന്നതിനു വിധേയമായി വിതരണം ചെയ്യാൻ ബാക്കിനിൽക്കുന്ന 300 മെൻസ്ട്രൽ കപ്പുകളുടെ വിലയായ 87000/- രൂപയുടെ (300 X 290) ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-19 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ -മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണം നടത്തിയ ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ (S0060/23) പദ്ധതി പ്രകാരം ഹോമിയോ ആശുപത്രിയിലേക്കാവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിനായി 4 ലക്ഷം രൂപ (മെയി.ഫണ്ട്-നോൺ റോഡ്) വകയിരുത്തി 13.09.2022 ൽ ബിൽ റഫറൻസ് നം. 561959/13.9.2022 പ്രകാരം ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ നിലവിൽ 107584/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. ശേഷിക്കുന്ന 292416/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 4/11.9.2023) മറുപടി ലഭ്യമായില്ല. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-20 കാർഷിക മേഖലയിലെ പദ്ധതികൾ - വിതരണം പൂർണ്ണമല്ല

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ വിവിധ പദ്ധതികളിലായി ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട കർഷകർക്ക് നൽകുന്നതിനായി വാങ്ങിയ വിത്തുകൾ, വളം, ചെടിച്ചട്ടികൾ എന്നിവ പൂർണ്ണമായി വിതരണം നടത്തിയിട്ടുള്ളതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.പ്രോജക്ടിന്റെ പേര് – ഞങ്ങളും കൃഷിയിലേക്ക്-ഗ്രൂപ്പുകൾക്ക് വാഴതൈകൾ വിതരണം (S0177/23)
അടങ്കൽ – 98000/-(വികസന ഫണ്ട്)
ചെലവ് – 98000/-

BRN 947836/23.12.22, 98000

പദ്ധതി പ്രകാരം ഗ്രൂപ്പുകൾക്ക് വിതരണം നടത്തുന്നതിനായി 7000 വാഴതൈകൾ ഇക്കോഷോപ്പ് വഴി

പർച്ചേസ് ചെയ്തിട്ടുണ്ട്. എന്നാൽ വിതരണ രജിസ്റ്ററിൽ 92 ഗ്രൂപ്പുകളുടെ പേര് മാത്രമാണ് ചേർത്തിട്ടുള്ളത്. ഓരോ ഗ്രൂപ്പുകൾക്കും എത്ര വീതം നൽകിയെന്നത് സംബന്ധിച്ച രേഖപ്പെടുത്തലുകളൊന്നും ഇല്ല. രജിസ്റ്റർ അപൂർണ്ണമാണ്. (7000x14=98000/-)

2.പ്രോജക്ടിന്റെ പേര് – ഞങ്ങളും കൃഷിയിലേക്ക്-കിഴങ്ങുകൃഷി (S0169/23)
അടങ്കൽ – 400000/-(3.5 ലക്ഷം-വികസന ഫണ്ട്, 50,000 ഗുണഭോക്തൃവിഹിതം)
ചെലവ് – 400000/-

BRN 1173721/8.2.23,350000

Vr.No.1592/30.3.23,40000/-

Vr.No.1592/30.3.23,10000/-

500 ഗുണഭോക്താക്കൾക്ക് കിഴങ്ങുവിള കിറ്റും 25 Kg വളവും വീതം നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. KAICO യിൽ നിന്നുമാണ് ഇവ പർച്ചേസ് ചെയ്തിരിക്കുന്നത്. വളവും കിഴങ്ങുവിളയുമുൾപ്പെടെ ഒരു കിറ്റിന് 800/- രൂപയാണ് ചെലവ്. എന്നാൽ വിതരണ രേഖകൾ പരിശോധിച്ചതിൽ വിവിധ വാർഡുകളിലായി ആകെ 392 കിറ്റുകൾ മാത്രം വിതരണം നടത്തിയിട്ടുള്ളതായി കാണുന്നു. 108 എണ്ണം വിതരണം നടത്തിയതായ രേഖകളില്ല. (108x800=86400/-)

3.പ്രോജക്ടിന്റെ പേര് – ഞങ്ങളും കൃഷിയിലേക്ക്-മട്ടുപ്പാവിലെ പച്ചക്കറി കൃഷി (S0174/23)
അടങ്കൽ – 300000/- (225000-വികസന ഫണ്ട്, 75,000 ഗുണഭോക്തൃവിഹിതം)
ചെലവ് – 300000/-

BRN 1010490/03.01.2023,126000

BRN 1010490/08.02.2023,99000

Vr. No 1600/30.3.23, 67500/-, Vr. No 1599/30.3.23, 7500/-

പദ്ധതി പ്രകാരം പോട്ടിംഗ് മിശ്രിതം നിറച്ച 12 ചെടിച്ചട്ടികൾ (പച്ചക്കറി തൈ ഉൾപ്പെടെ) ആണ് ഒരു യൂണിറ്റിൽ ഉൾപ്പെടുന്നത്. ഇത്തരത്തിലുള്ള 150 യൂണിറ്റുകളാണ് 2000/- രൂപ നിരക്കിൽ തണ്ണീർമുക്കം കാർഷിക കർമ്മസേന മുഖേന പർച്ചേസ് ചെയ്തിട്ടുള്ളത്. എന്നാൽ വിതരണ രേഖകൾ പരിശോധിച്ചതിൽ വിവിധ വാർഡുകളിലായി ആകെ 136 യൂണിറ്റുകൾ മാത്രം വിതരണം നടത്തിയിട്ടുള്ളതായി കാണുന്നു. ശേഷിക്കുന്ന 14 യൂണിറ്റുകൾ വിതരണം നടത്തിയതായ രേഖകളില്ല (14x2000=28000).

വിതരണം പൂർത്തീകരിക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 23/16.9.2023) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. പ്രസ്തുത സാഹചര്യത്തിൽ വിതരണം പൂർത്തീകരിച്ച് രേഖകൾ ഹാജരാക്കുന്നതിനു വിധേയമായി വിതരണം ചെയ്യാൻ ബാക്കിനിൽക്കുന്നവയുടെ വിലയായ 212400/- രൂപയുടെ (98000+86400+28000) ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-21 ഡയാലിസിസ് ധനസഹായം നൽകൽ-രേഖകളില്ലാതെ ആനുകൂല്യം നൽകി

പ്രോജക്ടിന്റെ പേര് – സജ്ജീവനം-ഡയാലിസിസ് ധനസഹായം നൽകൽ (S0218/23)
അടങ്കൽ – 200000/-(1 ലക്ഷം തനത് ഫണ്ട്,1 ലക്ഷം ബ്ലോക്ക് വിഹിതം)
ചെലവ് – 78000(തനത് ഫണ്ട്)

ചെക്ക്നം.096314/17.1.2023, 28000/-, JF8122579/26.3.23, 18000/-, 099822/21.1.23, 2000/-, MA2423771/26.3.23, 6000/-, JF8122580/26.3.2023, 13550/-, MA1893368/27.3.2023, 10450/-)

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ ടി പദ്ധതിയിൽ, പദ്ധതി മാർഗ്ഗരേഖ പ്രകാരം വരുമാനപരിധിക്ക് വിധേയമായി എല്ലാ വിഭാഗം വൃക്കരോഗികൾക്കും ഡയാലിസിസ് നടത്തുന്നതിനായി ആഴ്ചയിൽ 1000/- രൂപ ക്രമത്തിൽ ഒരു മാസം പരമാവധി 4000/- രൂപ എന്ന നിരക്കിൽ ബന്ധപ്പെട്ട

ആശുപത്രിക്ക് തുക നൽകാവുന്നതാണ്. ഫയൽ പരിശോധിച്ചതിൽ 2022 ഏപ്രിൽ മുതൽ 2023 മാർച്ച് വരെയുള്ള കാലയളവിൽ 4 രോഗികൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. എന്നാൽ ഇതിൽ 2 രോഗികളുടെ അപേക്ഷയും വരുമാന സർട്ടിഫിക്കറ്റും ഫയലിൽ ഇല്ല. ഹോസ്പിറ്റൽ ബില്ലിന്റെയടിസ്ഥാനത്തിൽ ടി ഗുണഭോക്താക്കളുടെ പേരിൽ KVM ഹോസ്പിറ്റലിലേയ്ക്ക് തുക നൽകുകയാണ് ചെയ്തിട്ടുള്ളത്. വിശദീകരണം ആവശ്യപ്പെട്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം.17/15.9.2023) നൽകിയ മറുപടിയിൽ രേഖകൾ ലഭ്യമാക്കുന്ന താണെന്നറിയിച്ചു. വരും വർഷങ്ങളിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ, സർക്കാർ നിശ്ചയിച്ചിട്ടുള്ള അർഹതാ മാനദണ്ഡങ്ങൾക്കനുസൃതമായി നിശ്ചിത വരുമാന പരിധിയിൽപ്പെട്ട ഗുണഭോക്താക്കൾക്ക് തന്നെയാണ് ആനുകൂല്യം നൽകുന്നതെന്ന് ഉറപ്പ് വരുത്തി നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

### 1-22 കന്നുകുട്ടി പരിപാലനം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

നിർവഹണം – സീനിയർ വെറ്ററിനറി സർജൻ

പ്രോജക്ടിന്റെ പേര് – കന്നുകുട്ടി പരിപാലനം(S0197/2023)

അടങ്കൽ- 625000 (312500-വികസന ഫണ്ട്, 312500-ഗുണഭോക്തൃവിഹിതം-സ്ഥാപനത്തിൽ അടയ്ക്കുന്നത്)

ചെലവ്- 312500/-രൂപ

ബിൽ റെഫറൻസ് നം.968886/28.12.2022, 312500/- രൂപ

2022-23 സാമ്പത്തിക വർഷത്തെ കന്നുകുട്ടി പരിപാലന പദ്ധതിക്കായി 25 ഗുണഭോക്താക്കൾക്കുള്ള തുക 312500/-രൂപ മേൽ പ്രകാരം അസിസ്റ്റന്റ് ഡയറക്ടർ കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം, ആലപ്പുഴയുടെ പേരിലുള്ള ട്രഷറി അക്കൌണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ ടി പദ്ധതി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ലെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം. 15/15.9.23) മറുപടിയിൽ കാലിത്തീറ്റ വിതരണം 2023 ജൂലൈ മാസം മുതൽ ആരംഭിച്ചിട്ടുള്ളതാണെന്നും ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നുമറിയിച്ചു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതു വരെ 312500/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

### 1-23 വൈകി അപേക്ഷ സമർപ്പിച്ചെങ്കിലും വിവാഹ ധനസഹായം നൽകി

പ്രോജക്ടിന്റെ പേര്-വിവാഹ ധനസഹായം എസ്.സി. സ്പിൽ ഓവർ (S0211/23)

അടങ്കൽ : 75000 (എസ്.സി.പി)

ചെലവ് : 75000 (എസ്.സി.പി)

സബ്സിഡി മാർഗ്ഗരേഖ പ്രകാരം വിവാഹത്തിന് 15 ദിവസം മുൻപോ വിവാഹം കഴിഞ്ഞ് 180 ദിവസത്തിനകമോ അപേക്ഷ സമർപ്പിച്ചിരിക്കണം. എന്നാൽ ആനുകൂല്യം കൈപ്പറ്റിയ ശ്രീമതി ലളിത കെ എസ് ,കരുവേലിച്ചിറ,മുട്ടത്തിപ്പറമ്പ് എന്ന ഗുണഭോക്താവ് അപേക്ഷ സമർപ്പിച്ച തീയതി 30.3.2022 ലും വിവാഹം നടന്ന തീയതി 01.9.2021 ലുമാണ്. 180 ദിവസങ്ങൾക്ക് ശേഷമാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. കാലപരിധിക്കകം അപേക്ഷിക്കാത്ത കേസുകൾ പ്രത്യേകം പരിശോധിച്ച് ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറി കൂടിയായ ജില്ലാകളക്ടർക്ക് അനുമതി നൽകാവുന്നതാണ്. എന്നാൽ ഇപ്രകാരം അനുമതി തേടിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.5/11.9.2023) ലഭ്യമാക്കിയ മറുപടിയിൽ ടിയാൾ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിരുന്നെങ്കിലും അപേക്ഷ സമർപ്പിച്ച തീയതി ശ്രദ്ധയിൽപ്പെടാതിരുന്നതു മൂലമാണ് അനുമതിക്കായി കളക്ടേറ്റിലേയ്ക്ക് അയക്കാതിരുന്നതെന്ന് അറിയിച്ചു. ഭാവിയിൽ ഇത്തരത്തിലുള്ള അപാകതകൾ ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 എസ്.എസ്.എ വിഹിതം നൽകൽ -വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല

പ്രോജക്ട് നം. 199/22 എസ്.എസ്.എ വിഹിതം നൽകൽ
അടങ്കൽ-10 ലക്ഷം (വികസന ഫണ്ട്)
ചെലവ് -10 ലക്ഷം
ബിൽ റഫറൻസ് നം. 22060552015800982793/31.12.2022

ഹെഡ്മിസ്ട്രസ് നിർഹണം നടത്തിയ ഈ പ്രോജക്ടിലുൾപ്പെടുത്തി 10 ലക്ഷം രൂപ എസ്.എസ്.എ. വിഹിതമായി ബ്ലോക്ക് പ്രോജക്ട് കോ-ഓർഡിനേറ്ററുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ടെങ്കിലും ആയതിന്റെ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറിയിലൂടെ (28/16.09.2023) ആവശ്യപ്പെട്ടുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-25 മരുത്തോർവട്ടം കുടുമപ്പള്ളി തോട് നവീകരണം - എർത്ത് വർക്ക് പ്രവൃത്തിയ്ക്ക് ഉയർന്ന നിരക്കിൽ ജി.എസ്.റ്റി. അനുവദിച്ചു

മരുത്തോർവട്ടം കുടുമപ്പള്ളി തോട് നവീകരണവുമായി ബന്ധപ്പെട്ട് തോടിന് ആഴം കൂട്ടുന്ന പ്രവൃത്തിക്ക് കരാറുകാരന് തുക അനുവദിച്ചത് 12% GST ഉൾപ്പെടെയാണ്. 2017 ലെ CGST ആക്ട് സെക്ഷൻ 2 ക്ലോസ് 119 പ്രകാരം (കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ (ഡിപ്പാർട്ട്മെന്റ് ഓഫ് റവന്യൂ) 13.10.2017-ലെ നോട്ടിഫിക്കേഷൻ നം.31/2017) കരാർ പ്രവൃത്തി മൂല്യത്തിന്റെ 75%ൽ അധികം എർത്ത് വർക്കാണെങ്കിൽ 5% GST മാത്രമാണ് ബാധകമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

പ്രസ്തുത പ്രവൃത്തിയിൽ 100% എർത്ത് വർക്കാണ് ചെയ്തിട്ടുള്ളത് (എർത്ത് വർക്ക് & സൈറ്റ് ക്ലിയറിംഗ്) ആയതിനാൽ ടി പ്രവൃത്തിയിൽ 5% ജി.എസ്.റ്റി.യാണ് അനുവദനീയം. എന്നാൽ ടി നിർദ്ദേശത്തിന് വിരുദ്ധമായി 12% GST അനുവദിച്ചതുമൂലം 5142/- രൂപയുടെ അധികചെലവ് വന്നിട്ടുണ്ട്. വിശദ വിവരം ഭാഗം 3-1 ആയി ചേർത്തിട്ടുണ്ട്.

## 1-26 ടേക്ക് എ ബ്രേക്ക് - വാർഡ് 3 പൂർത്തീകരണം - പെയിന്റിംഗ് പ്രവൃത്തിയിൽ ഇരട്ടിപ്പ് - കരാറുകാരന് അധിക തുക നൽകി

പ്രസ്തുത പ്രവൃത്തിയുടെ 2-ാം ഇനം സ്പെസിഫിക്കേഷൻ കോഡ് 13.46.1 Finishing Walls With Acrylic Smooth Exterior Paint Of Required Shade New Work (Two Or More Coats Applied @1.63 Litre/10sqm Over And Including Priming Coat Of Exterior Primer Applied @2.20kg/10sqm) ആണ്. ഈയിനം 463.95 $M^2$ ചെയ്തതിന് @202/$m^2$ നിരക്കിൽ 93718/- രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. ടി പ്രവൃത്തിയുടെ 1-ാം ഇനം സ്പെസിഫിക്കേഷൻ കോഡ് 13.43.1 Applying One Coat Of Water Thinnable Cement Primer Of Approved Brand And Manufacture On Wall Surface : Water Thinnable Cement Primer ആണ്. ഈയിനം 463.95 $M^2$ ചെയ്തതിന് @73/$m^2$ നിരക്കിൽ 33868/- രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. 2-ാം ഇനത്തിൽ പ്രൈമർ അടിക്കുന്ന ഇനം ഉൾപ്പെട്ടിട്ടുള്ളതിനാൽ 1-ാം ഇനത്തിന്റെ ആവശ്യമില്ല. ആവശ്യകത പരിശോധിക്കാതെ തെറ്റായ ഡേറ്റ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയത് മൂലം 39964/-രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്. വിശദ വിവരം ഭാഗം 3-2 ആയി ചേർത്തിട്ടുണ്ട്.

## 1-27 നങ്ങേലിപുര – വനിതകൾക്ക് കൗൺസലിംഗ് & ഫിറ്റ്നസ് സെന്റർ (വാർഡ് 3) – പദ്ധതി നിർവ്വഹണത്തിൽ ക്രമാതീതമായ കാലതാമസം

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | : | 72/22 |
| നിർവ്വഹണ ഉദ്യോഗസ്ഥ | : | അസിസ്റ്റന്റ് എഞ്ചിനീയർ |

| | | |
|---|---|---|
| കരാറുകാരൻ | : | സജിമോൻ.പി.എസ് |
| എം.ബുക്ക് | : | 18, 52,56/21-22 |
| എഗ്രീഡ് പിഎസി | : | 2258574/- |
| കരാർ തീയതി | | 18.01.2022 |
| പ്രവൃത്തി മൂല്യം | : | 1896361/- |
| ബിൽ നം. | : | 7/30.8.22 - 1157651/-<br>ചെക്ക് നം. 84880/30.3.23 - 461048/-<br>26/28.3.23 - 532292/- |

ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയിലുൾപ്പെടുത്തിയ പ്രസ്തുത പദ്ധതിയുടെ നിർവ്വഹണത്തിനായി 18.01.22 ൽ കരാർ ചമയ്ക്കുകയും 27.3.22 ൽ ആദ്യ പാർട്ട് ബില്ല് നൽകുകയും തുടർന്ന് 22-23 സാമ്പത്തിക വർഷം വരെ 3 പാർട്ട് ബില്ലുകളിലായി ആകെ 2150991/- രൂപ (നികുതികൾ ഉൾപ്പെടെ) ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. അംഗീകരിച്ച കരാർ പ്രകാരം 6 മാസമാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് അനുവദിച്ചിട്ടുള്ള സമയം. ഇത് പ്രകാരം 17.7.22 നുള്ളിൽ പൂർത്തീകരിക്കേണ്ട പ്രവൃത്തിയാണ് നിലവിലും പൂർത്തീകരിക്കാതെ അകാരണമായി നീണ്ടുപോകുന്നത്. മൂന്നാം പാർട്ട് ബില്ലിനു ശേഷം യാതൊരു വിധ നിർമ്മാണ പ്രവൃത്തികളും നടത്തിയിട്ടില്ലാത്തതായി കാണുന്നു. പ്രവൃത്തി പൂർത്തീകരണത്തിലെ കാലതാമസം സംബന്ധിച്ച് യാതൊരു വിവരവും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

പ്രവൃത്തിയുടെ മൂന്നാം പാർട്ട് ബില്ലിൽ നിന്നും കാലതാമസത്തിനുള്ള ഫൈൻ ഇനത്തിൽ (പാർട്ട് ബിൽ തുകയായ 451095/- രൂപ) 1% നിരക്കിൽ 4511/- രൂപ ഈടാക്കിയിട്ടുള്ളതായി കാണുന്നു. ഇത്തരത്തിൽ പിഴ ഈടാക്കിയത് ക്രമപ്രകാരമല്ല. പിഴ നിർണ്ണയിക്കേണ്ടത് എഗ്രീഡ് പി.എ.സി യുടെ അടിസ്ഥാനത്തിലാണ്. മാത്രമല്ല പ്രവൃത്തി പൂർത്തീകരണത്തിലുള്ള കാലതാമസത്തിന് 2012 ലെ പി.ഡബ്ല്യു.ഡി. മാന്വൽ സെക്ഷൻ 2112-1, സെക്ഷൻ 2116.1 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരമാണ് പിഴ ഈടാക്കേണ്ടത്.

2. വനിത ഫിറ്റ്നസ് സെന്റർ (100/23)

മുകളിൽ സൂചിപ്പിച്ച പദ്ധതിയ്ക്ക് പുറമേ പ്രസ്തുത കെട്ടിടത്തിന്റെ ഒന്നാം നിലയുടെ നിർമ്മാണത്തിനായി 14 ലക്ഷം രൂപ അടങ്കലിൽ 22-23 വർഷം തയ്യാറാക്കിയ പദ്ധതിയാണിത്. പ്രസ്തുത പ്രവൃത്തിയുടെ കരാറുകാരനായ സജിമോൻ.പി.എസ് 7.12.22 ൽ കരാർ ചമയ്ക്കുകയും ആദ്യ പാർട്ട് ബിൽ പ്രകാരം 729149/- രൂപ ഓഡിറ്റ് വർഷം മാറുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി നിലവിലും പൂർത്തീകരിച്ചതായി കാണുന്നില്ല. കരാർ ഉടമ്പടിയിൽ ആരും തന്നെ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനും, നിയമ പ്രകാരമുള്ള പിഴ കണക്കാക്കി കരാറുകാരനിൽ നിന്നും ഈടാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.15/15.9.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് പരാമർശത്തിൽ സ്വീകരിക്കുന്ന തുടർ നടപടികൾ യഥാസമയം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-28 നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയില്ല

2012 ലെ പി.ഡബ്ല്യു.ഡി. മാന്വൽ സെക്ഷൻ 2112-1 പ്രകാരം കരാർ പ്രവൃത്തി നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാത്തപക്ഷം നിർദ്ദിഷ്ട പൂർത്തീകരണ കാലാവധിക്കുമുൻപ് തന്നെ കരാറുകാരൻ രേഖാമൂലം കാലദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതും അപേക്ഷ പരിശോധിച്ച് തക്കതായ കാരണമുള്ളപക്ഷം സമയം ദീർഘിപ്പിക്കാവുന്നതുമാകുന്നു. ഇത് ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ

25% അധികരിക്കാൻ പാടില്ല. ഇപ്രകാരം കാലാവധിയുടെ 50%വരെ പരമാവധി സമയം ദീർഘിപ്പിച്ച് നൽകാവുന്നതാണ്. ഇത് ആദ്യ തവണ പി.എ.സി യുടെ 1% നിരക്കിലും (കുറഞ്ഞത് 1,000/-രൂപ പരമാവധി 50,000/-രൂപ ) രണ്ടാം തവണ പി.എ.സി യുടെ 2% നിരക്കിലും (കുറഞ്ഞത് 2,000/-രൂപ പരമാവധി 100,000/-രൂപ) പിഴ ഈടാക്കി സപ്ലിമെന്ററി എഗ്രിമെന്റ് ചമക്കേണ്ടതാണ്. അതുപോലെ സെക്ഷൻ 2116.1 അനുസരിച്ച് യഥാർത്ഥ /ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധികകാലത്തിന് പ്രതിവാരം PAC യുടെ 0.1% നിരക്കിൽ (പരമാവധി 10%) കോമ്പൻസേഷനും ഈടാക്കേണ്ടതാണ്. എന്നാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും നിയമാനുസൃത നിരക്കിലുള്ള പിഴ ഈടാക്കാതെയാണ് തുക നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്, കരാറുകാരൻ, പി.എ.സി. | കരാർ തീയതി, കാലാവധി, കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി | പ്രവൃത്തി പൂർത്തീകരിച്ച തീയതി | ഈടാക്കേണ്ടിയിരുന്ന പിഴ | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|---|
| 1 | താന്നിച്ചുവട് കണ്ടത്തിൽ കാണ നിർമ്മാണം വാർഡ് 3 (7/23) വി.ശിവൻ പി.എ.സി -429704/- പ്രവൃത്തിമൂല്യം -326412/- ബിൽ നം.- 28/31.3.23 | 6.08.22<br>6 മാസം<br>5.02.23 | 13.03.23 | (1%) 4297 | 3264 | 1033 |
| 2 | ഇരയിമ്മൻതമ്പി സ്മാരകത്തിന് സമീപം കാണ നിർമ്മാണം (5/23) ശശികുമാർ പി.എ.സി -258310/- പ്രവൃത്തിമൂല്യം -182152/- ബിൽ നം.- 376/13.03.23 | 17.06.22<br>6 മാസം<br>16.12.22 | 2.03.23 | (3%) 7749 | 1822 | 5927 |
| 3 | വെള്ളിയാകുളം കൽക്കെട്ട് റിപ്പയർ (70/23) പി.ലെജിമോൻ, പി.എ.സി -418444/- പ്രവൃത്തിമൂല്യം -288984/- ബിൽ നം.- 338/25.02.23 | 17.06.22<br>6 മാസം<br>16.12.22 | 10.02.23 | (3%) 12553 | 2890 | 9663 |
| 4 | പകൽ വീട് നിർമ്മാണം (117/20) വി.എസ്.ശ്രീകുമാർ, പി.എ.സി -1959952/- പ്രവൃത്തിമൂല്യം -1947435/- ബിൽ നം.- 17/20.02.23 | 23.03.2020<br>6 മാസം<br>22.03.2021 (കോവിഡ് 6 മാസം അധികം) | 16.07.22 | 58799 | 21826 | 36973 |

| | ആകെ | | | | | 53596 |
|---|---|---|---|---|---|---|

മേൽ പ്രവൃത്തികളിൽ കരാറുകാരൻ പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് നൽകുന്നതിനായി അപേക്ഷ സമർപ്പിക്കുകയോ, പൂർത്തീകരണ കാലതാമസം സംബന്ധിച്ച് ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് തയ്യാറാക്കുകയോ ചെയ്തിട്ടില്ല. (വ്യക്തമായ കാരണങ്ങളൊന്നും രേഖപ്പെടുത്താതെയുള്ള സപ്ലിമെന്ററി എഗ്രിമെന്റ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്) നടപടി ക്രമങ്ങളൊന്നും പാലിക്കാതെ, നിയമാനുസൃതം ഈടാക്കേണ്ട പിഴ ഈടാക്കാതെ കരാറുകാരന് തുക നൽകിയത് ക്രമ വിരുദ്ധമാണ്.

ക്രമ നം.(2) ഹാജരാക്കിയ അളവ് ബുക്ക് പ്രകാരം പ്രവൃത്തിയുടെ ആദ്യ അളവുകൾ രേഖപ്പെടുത്തിയിട്ടുള്ളത് തന്നെ 30.01.23 ലാണ്. കേവലം 1 മാസം മാത്രം ആവശ്യമായിരുന്ന ടി പ്രവൃത്തിയുടെ പൂർത്തീകരണത്തിന് ഇത്രയധികം കാലതാമസം ഉണ്ടായിട്ടുള്ളത് കരാറുകാരന്റെ ഭാഗത്തു നിന്നുണ്ടായ അനാസ്ഥ മൂലമാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 10/14.09.23) അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ ഫൈൻ ഒടുക്കുന്നതിന് ബന്ധപ്പെട്ട കരാറുകാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. പിഴ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-29 റോഡ് കണക്ടിവിറ്റി മാപ്പിംഗ് - പ്രവൃത്തി പൂർത്തീകരിച്ചില്ല

അടങ്കൽ - 69000/-

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2022-23 വർഷം നടപ്പിലാക്കിയ റോഡ് കണക്ടിവിറ്റി മാപ്പിംഗ് (പ്രോജക്ട് നം.66/23) എന്ന പദ്ധതി പ്രകാരം തനതുഫണ്ടിൽ നിന്നും 34500/- രൂപ (301/10.02.23) ശ്രീ.വിഷ്ണു കെ.പി. എന്നയാൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള സർവ്വെയുടെ വിവരങ്ങൾ, പ്രവൃത്തി പൂർത്തീകരിച്ചോ, ഇല്ലയോ എന്ന വിവരം, പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണം, നിലവിലെ സ്ഥിതി വിവരം എന്നിവ ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12/14.09,22) നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടിയിൽ ട്രാക്കിംഗ് പ്രോസസ്സ് പൂർത്തിയാക്കിയതായും, വെരിഫിക്കേഷൻ നടക്കുന്നതായും അറിയിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ പൂർത്തീകരണം യഥാസമയം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-30 തൊഴിലുറപ്പ് പദ്ധതി - കാലിത്തൊഴുത്ത് നിർമ്മാണം - മാർക്കറ്റ് നിരക്കിനേക്കാൾ കൂടിയ നിരക്കിൽ തുക നൽകി

തൊഴിലുറപ്പ് പദ്ധതിയിൽ നിർവ്വഹിച്ച വ്യക്തിഗത മെറ്റീരിയൽ പ്രവൃത്തിയായ കാലിത്തൊഴുത്ത് നിർമ്മാണത്തിന് വാങ്ങിയ മെറ്റീരിയൽസിന് മാർക്കറ്റ് വിലയേക്കാൾ കൂടിയ നിരക്കിൽ തുക അനുവദിച്ചതു വഴി 14136/- രൂപയുടെ അധികച്ചെലവുണ്ടായിട്ടുണ്ട്. വിശദ വിവരം ഭാഗം 3-3 ആയി ചേർത്തിട്ടുണ്ട്.

### 1-31 തൊഴിലുറപ്പ് പദ്ധതി - പന്തിപ്പുറത്ത്കരി മണ്ണമ്മേക്കരി റോഡ് കോൺക്രീറ്റിംഗ് - എം.ബുക്കിൽ രേഖപ്പെടുത്തിയതിൽ അധിക അളവിൽ തുക അനുവദിച്ചു

പ്രസ്തുത പ്രവൃത്തിയ്ക്കാവശ്യമായ മെറ്റീരിയൽസ് വിതരണം ചെയ്തതിന് കരാറുകാരനായ പി.കെ.ശശികുമാറിന് 345690/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ബില്ലിൽ നിന്നും 2% നിരക്കിൽ 6914/- രൂപ ജി.എസ്.ടി, ടി.ഡി.എസായി കുറവ് ചെയ്തിട്ടില്ല. ടി തുക ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

എം.ബുക്ക് (പേജ് 2) പ്രകാരം സ്റ്റാക്ക് ചെയ്തിട്ടുള്ള ഗുഡ് എർത്തിന്റെ അളവ് 82.864 $M^3$ ആണ്. ടി

അളവ് തന്നെയാണ് പ്രവൃത്തിയുടെ മേറ്റ് കൈപ്പറ്റിയതായി രേഖപ്പെടുത്തിയിട്ടുള്ളതും. എന്നാൽ കരാറുകാരന് 86.263 $M^3$ ഗുഡ് എർത്തിന്റെ തുകയാണ് നൽകിയത്. ഇത് മൂലം 3399/- രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്. വിശദ വിവരം ഭാഗം 3-4 ആയി ചേർത്തിട്ടുണ്ട്.

## 1-32 ആഫ്രിക്കൻ ഒച്ച് നശീകരണം-പദ്ധതി പൂർത്തീകരിച്ചില്ല-തുക തടസ്സപ്പെടുത്തുന്നു

നിർവ്വഹണം- കൃഷി ഓഫീസർ

പ്രോജക്ടിന്റെ പേര് – ആഫ്രിക്കൻ ഒച്ച് നശീകരണം സ്പിൽ ഓവർ (S0079/23)
അടങ്കൽ – 336000/-(252000 വികസന ഫണ്ട്-ജനറൽ, 84000 ഗുണഭോക്തൃവിഹിതം)
ചെലവ് – 252000

(BRN1511512/28.3.2023, 252000)

പദ്ധതി പ്രകാരം ആഫ്രിക്കൻ ഒച്ചിനെ നശിപ്പിക്കുന്നതിന് വാർഡുകളിൽ വിതരണം ചെയ്യുന്നതിനായി KAICO യിൽ നിന്നും 336000/- രൂപയുടെ 933.33 Kg കോപ്പർ സൾഫേറ്റ് പർച്ചേസ് ചെയ്തിട്ടുണ്ട്. ഇതിനായി വികസനഫണ്ടിൽ നിന്നും 252000/- രൂപ KAICO യ്ക്ക് നൽകിയിട്ടുണ്ട്. ഗുണഭോക്തൃവിഹിതം 84000/- രൂപ 25.4.2023 ൽ നേരിട്ട് നൽകുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ പർച്ചേസ് ചെയ്ത കോപ്പർ സൾഫേറ്റ് ഉപയോഗിക്കാതെ നിലവിൽ കൃഷിഭവനിൽ സൂക്ഷിച്ചിരിക്കുകയാണ്. തുടർ നടപടികൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.19/15.9.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പദ്ധതിക്കായി ചെലവഴിച്ച 252000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതി പൂർത്തീകരിച്ച് രേഖകൾ ലഭ്യമാക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

## 1-33 പാലിയേറ്റീവ് പരിചരണം -മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) നിർവ്വഹണം നടത്തിയ പാലിയേറ്റീവ് പരിചരണം (S0009/23) പദ്ധതി പ്രകാരം പാലിയേറ്റീവ് പരിചരണത്തിൽ ഉൾപ്പെട്ട രോഗികൾക്കാവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിനായി 207560/- രൂപ (ബിൽ റഫറൻസ് നം. 110689/17.5.2022) കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് നൽകിയിട്ടുണ്ട്. എന്നാൽ 139614/- രൂപയുടെ മരുന്നുകൾ ആണ് ലഭിച്ചിട്ടുള്ളത്. ശേഷിക്കുന്ന 67946/- രൂപയുടെ മരുന്നുകൾ ലഭ്യമാകാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുള്ള ഓഡിറ്റ് എൻക്വയറിക്ക്(നം.18/15.9.2023) നൽകിയ മറുപടിയിൽ മരുന്നുകൾ ഉടൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചു. മരുന്നുകൾ പൂർണ്ണമായും ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-34 ഓഡിറ്റ് ഇംപാക്ട്

1) തൊഴിൽ നികുതി ഇനത്തിൽ 11275/- രൂപ ഒടുക്കി

സ്ഥാപനങ്ങളിൽ നിന്നും കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാതിരുന്നതിന് ഓഡിറ്റ് എൻക്വയറി (2/8.9.2023) നല്കിയതിനെ തുടർന്ന് താഴെകൊടുത്തിരിക്കുന്ന പ്രകാരം തൊഴിൽനികുതി ഈടാക്കിയിട്ടുണ്ട്.

| ക്രമ നം. | പേര് | രസീത് നം. | തുക |
|---|---|---|---|
| 1 | എച്ച്.ഡി.എഫ്.സി. ബാങ്ക് തണ്ണീർമുക്കം | 1230101616/12.09.2023 | 1250 |
| 2 | സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം. 1317 | 1230101676/13.09.2023 | 1400 |
| 3 | സർവ്വീസ് സഹകരണബാങ്ക് ലിമിറ്റഡ് നം. 809 | 1230101667/13.09.2023 | 2875 |
| 4 | പി.കെ.ശ്രീകുമാർ(കരാറുകാരൻ) | 1230101688/16.09.2023 | 2875 |
| 5 | ശ്രീകുമാർ.വി.എസ്.(കരാറുകാരൻ) | 1230101693/16.09.2023 | 2875 |

| | | | |
|---|---|---|---|
| ആകെ | | | 11275/- |

2) മരാമത്ത് പ്രവൃത്തി – ഇൻഷ്വറൻസ് പോളിസി സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനുള്ള ഫൈൻ

മരാമത്ത് പ്രവൃത്തികളുടെ കരാറുകാർക്ക് നൽകിയിട്ടുള്ള Letter Of Acceptance ലെ Clause (6) പ്രകാരം പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് 200000/- രൂപയുടെ ഇൻഷ്വറൻസ് എടുക്കേണ്ടതാണെന്നും, പോളിസി സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത പക്ഷം കരാർ തുകയുടെ 0.2% നിരക്കിൽ ഫൈൻ ഈടാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ള വിവിധ മരാമത്ത് പ്രവൃത്തികളിൽ ഇത്തരത്തിൽ ഇൻഷ്വറൻസ് എടുത്തിട്ടുള്ളതിന്റെ പോളിസി സർട്ടിഫിക്കറ്റ് രേഖകളോ, ഫൈൻ ഈടാക്കിയതിന്റെ രേഖകളോ ഹാജരാക്കിയിട്ടില്ലാത്തത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം. 9/14.9.23) നൽകിയതിന്റെ അടിസ്ഥാനത്തിൽ ടി ഇനത്തിലുള്ള ഫൈനായി 8545/- രൂപ 16.09.23 ൽ ഗ്രാമ പഞ്ചായത്തിൽ ഒടുക്കി വിവരം രേഖാമൂലം അറിയിച്ചിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 മരുത്തോർവട്ടം കുടുമപ്പള്ളി തോട് നവീകരണം - എർത്ത് വർക്ക് പ്രവൃത്തിയ്ക്ക് ഉയർന്ന നിരക്കിൽ ജി.എസ്.റ്റി. അനുവദിച്ചു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | : അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ | : 181/22 |
| കരാറുകാരൻ | : വിജയ്.വി.നായർ |
| എം.ബുക്ക് | : 38/21-22 |
| എഗ്രീഡ് പിഎസി | : 73456/- |
| പ്രവൃത്തി മൂല്യം | : 73456/- |
| ബിൽ നം. | : 48/21.06.22 |

മരുത്തോർവട്ടം കുടുമപ്പള്ളി തോട് നവീകരണവുമായി ബന്ധപ്പെട്ട് തോടിന് ആഴം കൂട്ടുന്ന പ്രവൃത്തിക്ക് കരാറുകാരന് തുക അനുവദിച്ചത് 12% GST ഉൾപ്പെടെയാണ്. 2017ലെ CGST ആക്ട് സെക്ഷൻ 2 ക്ലോസ് 119 പ്രകാരം (കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ (ഡിപ്പാർട്ട്മെന്റ് ഓഫ് റവന്യൂ) 13.10.2017-ലെ നോട്ടിഫിക്കേഷൻ നം.31/2017) കരാർ പ്രവൃത്തി മൂല്യത്തിന്റെ 75% ൽ അധികം എർത്ത് വർക്കാണെങ്കിൽ 5% GST മാത്രമാണ് ബാധകമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. (Composit Supply Of Works Contract As Defined In Clause 119 Of Sec 2 Of The CGST Act 2017 Involving Predominantly Earth Work Ie, Constituting More Than 75% Of The Value Of Work In Contract Provided To Central Government, State Govt., Union Territory, Local Authority, A Govt. Authority Or A Govt. Entity GST Will Be Applicable On 5%).

പ്രസ്തുത പ്രവൃത്തിയിൽ 100% എർത്ത് വർക്കാണ് ചെയ്തിട്ടുള്ളത് (എർത്ത് വർക്ക് & സൈറ്റ് ക്ലിയറിംഗ്). ആയതിനാൽ ടി പ്രവൃത്തിയിൽ 5% ജി.എസ്.റ്റിയാണ് അനുവദനീയം. എന്നാൽ ടി നിർദ്ദേശത്തിന് വിരുദ്ധമായി 12% GST അനുവദിച്ചതുമൂലം താഴെ പറയും പ്രകാരം 5142/-രൂപയുടെ അധികചെലവ് വന്നിട്ടുണ്ട്.

| ഇന വിവരം | നൽകിയത് | അനുവദിക്കാവുന്നത് | അധികം നൽകിയത് |
|---|---|---|---|
| പ്രവൃത്തിമൂല്യം | 73456 | 73456 | |
| (+) ജി.എസ്.റ്റി | (12%) 8815 | (5%) 3673 | |
| ആകെ | 82271 | 77129 | 5142 |

ക്രമ വിരുദ്ധമായി അധിക തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11/14.09.23) നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-2 ടേക്ക് എ ബ്രേക്ക് - വാർഡ് 3 പൂർത്തീകരണം - പെയിന്റിംഗ് പ്രവൃത്തിയിൽ ഇരട്ടിപ്പ് - കരാറുകാരന് അധിക തുക നൽകി

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | : | 41/23 |
| നിർവ്വഹണ ഉദ്യോഗസ്ഥ | : | അസി.എഞ്ചിനിയർ |
| കരാറുകാരൻ | : | ശ്രീകുമാർ.വി.എസ് |
| എം.ബുക്ക് | : | 15, 53/21-22 |
| എഗ്രീഡ് പിഎസി | : | 887345/- |
| പ്രവൃത്തി മൂല്യം | : | 832071/- |
| ബിൽ നം. | : | 356/3.03.23 |

പ്രസ്തുത പ്രവൃത്തിയുടെ 2-ാം ഇനം സ്പെസിഫിക്കേഷൻ കോഡ് 13.46.1 Finishing Walls With Acrylic Smooth Exterior Paint Of Required Shade New Work (Two Or More Coats Applied @1.63 Litre/10sqm Over And Including Priming Coat Of Exterior Primer Applied @2.20kg/10sqm) ആണ്. ഈയിനം 463.95 $M^2$ ചെയ്യതിന് @202/$m^2$ നിരക്കിൽ 93718/- രൂപ കരാറുകാരന് അനിവദിച്ചിട്ടുണ്ട്. ടി പ്രവൃത്തിയുടെ 1-ാം ഇനം സ്പെസിഫിക്കേഷൻ കോഡ് 13.43.1 Applying One Coat Of Water Thinnable Cement Primer Of Approved Brand And Manufacture On Wall Surface : Water Thinnable Cement Primer ആണ്. ഈയിനം 463.95 $M^2$ ചെയ്യതിന് @73/$m^2$ നിരക്കിൽ 33868/- രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. 2-ാം ഇനത്തിൽ പ്രൈമർ അടിക്കുന്ന ഇനം ഉൾപ്പെട്ടിട്ടുള്ളതിനാൽ 1-ാം ഇനത്തിന്റെ ആവശ്യമില്ല. ആവശ്യകത പരിശോധിക്കാതെ തെറ്റായ ഡേറ്റ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയത് മൂലം താഴെ പറയും പ്രകാരം അധിക ചെലവുണ്ടായിട്ടുള്ളതായി കാണുന്നു.

1-ാം ഇനത്തിലുള്ള ചെലവ് - 33868/-

(+) ജി.എസ്.ടി (18%) - 6096/-

ആകെ - 39964/-രൂപ

പ്രസ്തുത അപാകതയ്ക്ക് നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരന് അധികമായി നൽകിയ തുക തിരികെ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. (എൻക്വയറി നം. 13/14.09.23)ക്രമ വിരുദ്ധമായി ചെലവ് ചെയ്ത തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക തിരികെ ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 3-3 തൊഴിലുറപ്പ് പദ്ധതി - കാലിത്തൊഴുത്ത് നിർമ്മാണം - മാർക്കറ്റ് നിരക്കിനേക്കാൾ കൂടിയ നിരക്കിൽ തുക നൽകി

തൊഴിലുറപ്പ് പദ്ധതിയിൽ നിർവ്വഹിച്ച വ്യക്തിഗത മെറ്റീരിയൽ പ്രവൃത്തിയായ കാലിത്തൊഴുത്ത് നിർമ്മാണത്തിന് വാങ്ങിയ മെറ്റീരിയൽസിന് മാർക്കറ്റ് വിലയേക്കാൾ കൂടിയ നിരക്കിൽ തുക

അനുവദിച്ചതു വഴി അധികച്ചെലവ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

1) കാലിത്തൊഴുത്ത് നിർമ്മാണം - ആനന്ദൻ അമൽ ഭവനം വാർഡ് 10

അളവു പുസ്തകം -668/21-22

FTO തീയതി - 570/31.3.23

എ) ടി പ്രവൃത്തിയിൽ 30X20X15 സോളിഡ് ബ്ലോക്ക്സ് 970.24 എണ്ണം ഉപയോഗിച്ചതിന് @40 നിരക്കിൽ 38810/- രൂപ ഗുണഭോക്താവിന് അനുവദിച്ചിട്ടുണ്ട്. ഗുണഭോക്താവ് ഹാജരാക്കിയ ബിൽ പ്രകാരം സോളിഡ് ബ്ലോക്ക്സ് ലഭിച്ചിരിക്കുന്നത് 30/- രൂപ നിരക്കിലാണ്. (മണികണ്ഠൻ ഗ്രൂപ്പിന്റെ 6.07.22 ലെ ഇൻവോയ്സ്) അതിനാൽ അനുവദിക്കാവുന്ന തുക 970.24 X 30 = 29107/- ആണ്. അധികം നൽകിയത് - 9703/-രൂപ

ബി) ടി പ്രവൃത്തിയിൽ 1.32 ടൺ സിമന്റ് ഉപയോഗിച്ചതിന് 8200/tonne നിരക്കിൽ 10824/- രൂപ നൽകിയിട്ടുണ്ട്. സിമന്റ് ഒരു Packaged Commodity എന്ന നിലയിൽ പാക്കറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന പരമാവധി വിലയേക്കാൾ കൂടുതൽ നൽകി വാങ്ങാൻ നിയമം അനുവദിക്കുന്നില്ല. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ആലപ്പുഴ ജില്ലാ ഓംബുഡ്സ്-മാന്റെ 08-07-22 ലെ OMB/ALP /AW/20/2022-ാം നമ്പർ നടപടിക്രമത്തിൽ സിമന്റിന് നിലവിലെ മാർക്കറ്റ് റേറ്റിന് പകരം സെക്യൂർ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തിയിട്ടുള്ള നിരക്ക് നൽകാൻ പാടില്ലായെന്നും, നിലവിൽ കുടിശ്ശികയായിരിക്കുന്ന മുഴുവൻ പൊതു/വ്യക്തിഗത ആസ്തികൾക്കും ഇതു ബാധകമാണെന്നും, ഈ മാനദണ്ഡങ്ങൾ പാലിച്ച മാത്രമെ, FTO ജനറേറ്റ് ചെയ്യാൻ പാടുള്ളുവെന്നും നിർദ്ദേശിച്ചിട്ടുണ്ട്. സിമന്റ് വാങ്ങിയതിന് ഹാജരാക്കിയ പ്രസ്തുത ബിൽ പ്രകാരം 50 KG സിമന്റ് ബാഗിന്റെ വില 380/- ആണ്. ആയത് പ്രകാരം

അർഹമായ തുക 1.32 Tonne @7600 = 10032/- രൂപ

അധികം നൽകിയത് 792/- രൂപ

ആകെ അധികമായി നൽകിയത് 10495/- രൂപ

2) കാലിത്തൊഴുത്ത് നിർമ്മാണം -ജോർജ്ജ്. എസ്, മൂലേച്ചിറ വാർഡ് 15

അളവു പുസ്തകം -667/21-22

FTO തീയതി - 11532/31.3.23

എ) ടി പ്രവൃത്തിയിൽ 30x20X15 സോളിഡ് ബ്ലോക്ക്സ് 1033.71 എണ്ണം ഉപയോഗിച്ചതിന് @40 നിരക്കിൽ 41348/- രൂപ ഗുണഭോക്താവിന് അനുവദിച്ചിട്ടുണ്ട്. ഗുണഭോക്താവ് ഹാജരാക്കിയ ബിൽ പ്രകാരം സോളിഡ് ബ്ലോക്ക്സ് ലഭിച്ചിരിക്കുന്നത് 37.80/- രൂപ നിരക്കിലാണ്. (ഭാവന ട്രേഡിംഗ് കമ്പനി, ഇൻവോയ്സ് നം. സി.18/12.1.22) അതിനാൽ അനുവദിക്കാവുന്ന തുക 1033.71 X 37.80 = 39074/- ആണ്. അധികം നൽകിയത് - 2274/-രൂപ

ബി) ടി പ്രവൃത്തിയിൽ 1.02 ടൺ സിമന്റ് ഉപയോഗിച്ചതിന് 8200/tonne നിരക്കിൽ 8364/- രൂപ നൽകിയിട്ടുണ്ട്. സിമന്റ് ഒരു Packaged Commodity എന്ന നിലയിൽ പാക്കറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന പരമാവധി വിലയേക്കാൾ കൂടുതൽ നൽകി വാങ്ങാൻ നിയമം അനുവദിക്കുന്നില്ല. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ആലപ്പുഴ ജില്ലാ ഓംബുഡ്സ് – മാന്റെ 08-07-22 ലെ OMB/ALP /AW/20/2022-ാം നമ്പർ നടപടിക്രമത്തിൽ സിമന്റിന് നിലവിലെ മാർക്കറ്റ് റേറ്റിന് പകരം സെക്യൂർ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തിയിട്ടുള്ള നിരക്ക് നൽകാൻ പാടില്ലായെന്നും, നിലവിൽ കുടിശ്ശികയായിരിക്കുന്ന മുഴുവൻ പൊതു/വ്യക്തിഗത ആസ്തികൾക്കും ഇതു ബാധകമാണെന്നും, ഈ മാനദണ്ഡങ്ങൾ പാലിച്ച മാത്രമെ, FTO ജനറേറ്റ് ചെയ്യാൻ പാടുള്ളുവെന്നും നിർദ്ദേശിച്ചിട്ടുണ്ട്. സിമന്റ് വാങ്ങിയതിന് ഹാജരാക്കിയ ബിൽ പ്രകാരം 50 KG സിമന്റ് ബാഗിന്റെ വില 343/- ആണ്. (ജനതാ ട്രേഡിംഗ്, ഇൻവോയ്സ് നം. 9436/20.1.22)

അതിനാൽ അർഹമായ തുക 1.02 Tonne @6860 = 69997/- രൂപ

അധികം നൽകിയത് 1367/- രൂപ

ആകെ അധികമായി നൽകിയത് 3641/- രൂപ

ടി വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.29/16.09.23) മറുപടി ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ ആകെ അധികമായി നൽകിയ 14136/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ടി തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-4 തൊഴിലുറപ്പ് പദ്ധതി - പന്തിപ്പുറത്ത്കരി മണ്ണമ്മേക്കരി റോഡ് കോൺക്രീറ്റിംഗ് - എം.ബുക്കിൽ രേഖപ്പെടുത്തിയതിൽ അധിക അളവിൽ തുക അനുവദിച്ചു

അളവു പുസ്തകം – 877/1920

FTO തീയതി - 18/7.07.22

പ്രസ്തുത പ്രവൃത്തിയ്ക്കാവശ്യമായ മെറ്റീരിയൽസ് വിതരണം ചെയ്തതിന് കരാറുകാരനായ പി.കെ.ശശികുമാറിന് 345690/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ബില്ലിൽ നിന്നും 2% നിരക്കിൽ ജി.എസ്.ടി, ടി.ഡി.എസായി കുറവ് ചെയ്തിട്ടുള്ളതായി കാണുന്നില്ല. ടി തുക 6914/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

എം.ബുക്ക് (പേജ് 2) പ്രകാരം സ്റ്റാക്ക് ചെയ്തിട്ടുള്ള ഗുഡ് എർത്തിന്റെ അളവ് 82.864 $M^3$ ആണ്. ടി അളവ് തന്നെയാണ് പ്രവൃത്തിയുടെ മേറ്റ് കൈപ്പറ്റിയതായി രേഖപ്പെടുത്തിയിട്ടുള്ളതും. എന്നാൽ കരാറുകാരന് 86.263 $M^3$ ഗുഡ് എർത്തിന്റെ തുകയാണ് നൽകിയത്. വിശദ വിവരം ചുവടെ.

നൽകിയ തുക - 86263/- (86.263 $M^3$ X 1000/-)

നൽകാവുന്നത് - 82864/- (82.864 $M^3$ X 1000/-)

അധികം നൽകിയത് - 3399/-രൂപ

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ അധിക ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. (ഓഡിറ്റ് എൻക്വയറി നം. 30/16.09.23) അധികം നൽകിയ തുക കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-5 മെറിറ്റോറിയസ് സ്കോളർഷിപ്പ് അധികം തുക നൽകി

അടങ്കൽ: 706000/-(SCP)

ചെലവ്: 690000/-

BRN 874279/07.12.2022, 400000/-

BRN 1520604/28.03.2023, 30000/-

BRN 1520366/28.03.2023, 260000/-

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ മെറിറ്റോറിയസ് സ്കോളർഷിപ്പ്(S0137/23) പദ്ധതി പ്രകാരം സർക്കാർ അംഗീകാരമുള്ള വിവിധ കോഴ്സുകൾ പഠിക്കുന്ന എസ്.സി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം ബിരുദ വിദ്യാർത്ഥികൾക്ക് 20000/- രൂപയും ബിരുദാനന്തര ബിരുദത്തിന് 30000/- രൂപ വീതവും ആനുകൂല്യം നൽകാവുന്നതാണ്. ഫയൽ പരിശോധിച്ചതിൽ Post Basic Bsc Nursing വിദ്യാർത്ഥിയായ കുമാരി ആതിര ബി. എന്ന ഗുണഭോക്താവിന് 30000/- രൂപ ആനുകൂല്യം നൽകിയിട്ടുണ്ട്. Post Basic Bsc Nursing കോഴ്സ്,

ഒരു ഡിഗ്രി ലെവൽ കോഴ്സായതിനാൽ 20000/- രൂപയാണ് നൽകേണ്ടിയിരുന്നത്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (5/11.9.2023) മറുപടി ലഭ്യമാക്കിയില്ല. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികം നൽകിയ 10000/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. കുറവ് വന്ന തുക ഉത്തരവാദിയായവരിൽ നിന്നും തിരികെ ഈടാക്കി അടവാക്കാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക: മുന്നിരിപ്പ് ഉൾപ്പെടെ | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 206274 | ഞങ്ങളും കൃഷിയിലേക്ക് | 206274 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 280000 | ലൈഫ് | 280000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 593567 | അങ്കണവാടി പോഷകാഹാരം | 593567 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 713880 | ശാരീരിക മാനസിക വെല്ലുവിളി സ്കോളർഷിപ്പ് | 713880 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 200000 | പാലിന് സബ്സിഡി | 200000 | 0 |
| ആകെ | | 1993721 | | 1993721 | |
| ജില്ലാ പഞ്ചായത്ത് | 2022-23 | 386825 | പകൽവീട് നിർമ്മാണം | 386825 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 420000 | ലൈഫ് | 420000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 135000 | അങ്കണവാടി പോഷകാഹാരം | 135000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 186210 | ശാരീരിക മാനസിക വെല്ലുവിളി സ്കോളർഷിപ്പ് | 186210 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 198000 | പാലിന് സബ്സിഡി | 198000 | 0 |
| ആകെ | | 1326035 | | 1326035 | |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| ലൈഫ് | | 880000 | 54837707 | 5543550 | 0 | 50174157 |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10180384 |
| തൻവർഷം നിക്ഷേപിച്ച തുക | 692154 |
| ആകെ | 10872538 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10872538 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| | ADCB | | | 10872538 | |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 54491/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2020-21 | 1-27 | 4800 | VETERINERY SURGEON | 1220100070 Dt. 7/4/2022 |
| | 1-31 | 2924 | AE LSGD | 1220100266 Dt. 20/4/2022 |
| | | 9793 | AE LSGD | 1220100267 Dt. 20/4/2022 |
| | | 1644 | AE LSGD | 1220100268 Dt. 20/4/2022 |
| 2019-20 | | 3746 | AE LSGD | 1220100269 Dt. 20/4/2022 |
| 2020-21 | | 22237 | AE LSGD | 1220100270 Dt. 20/4/2022 |
| 2018-19<br>2019-20 | 1-23<br>1-15 | 6000 | SAJIMOL NS | 1220100796 Dt. 12/5/2022 |
| 2019-20 | | 3347 | AJITH PRASAD | 939/6 |
| | | 54491 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 75653873 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 72503939 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 72641 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2163738 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 3-1 | | 5142 | ശ്രീമതി സിനി.ആർ.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 39964 | ശ്രീമതി ലീന.പി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | | 14136 | ശ്രീ.പി.പി. ഉദയസിംഹൻ സെക്രട്ടറി |
| 3-4 | | 3399 | ശ്രീ.പി.പി. ഉദയസിംഹൻ സെക്രട്ടറി |
| 3-5 | | 10000 | ശ്രീ. ടി.ആർ. സജി, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | | 72641 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 299838 | ഡോ.മുഹമ്മദ് റിസ്വാൻ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| 1-18 | 87000 | ഡോ.മുഹമ്മദ് റിസ്വാൻ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| 1-20 | 212400 | ശ്രീ.ഷാനവാസ് എ. എം., കൃഷി ഓഫീസർ |

| | | |
|---|---|---|
| 1-22 | 312500 | ശ്രീമതി റാണി ഭരതൻ,<br>സീനിയർ വെറ്ററിനറി സർജൻ |
| 1-24 | 1000000 | ശ്രീമതി ഉഷ.എൻ, എച്ച്.എം, ജി.യു.പി.എസ്,<br>വെള്ളിയാകുളം |
| 1-32 | 252000 | ശ്രീ.ഷാനവാസ് എ. എം., കൃഷി ഓഫീസർ |
| ആകെ | 2163738 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 6914 | ശ്രീ.പി.പി. ഉദയസിംഹൻ സെക്രട്ടറി |
| ആകെ | 6914 | |

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ടി. ആർ. സജി, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത് | മുല്ലശ്ശേരിവെളി,ചാരമംഗലം, മുഹമ്മ പി ഒ,688525 |
| ശ്രീമതി ലീന.പി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത് | കിഴക്കേമഠത്തിൽ, ചെറുവാരണം, വാരണം പി.ഒ, ചേർത്തല |
| ശ്രീ.പി.പി ഉദയസിംഹൻ സെക്രട്ടറി | സെക്രട്ടറി, തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത് | പോട്ടയിൽ ഹൗസ്, വാരണം പി.ഒ, ചേർത്തല |
| ശ്രീമതി സിനി.ആർ. എസ്, അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനീയർ, പെരിങ്ങമല ഗ്രാമപഞ്ചായത്ത് | നന്ദനം, കൊല്ലമ്പുഴ, ആറ്റിങ്ങൽ പി.ഒ, തിരുവനന്തപുരം |
| ഡോ. മുഹമ്മദ് റിസ്വാൻ,മെഡിക്കൽ ഓഫീസർ (സിഎച്ച് സി) | മെഡിക്കൽ ഓഫീസർ (സിഎച്ച് സി),തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത് | ആഞ്ഞിലിപറമ്പിൽ, കാഞ്ഞിരംച്ചിറ,ആലപ്പുഴ |

| | | |
|---|---|---|
| ശ്രീമതി.ഉഷ.എൻ, എച്ച്.എം, | എച്ച്.എം, ജി.യു.പി.എസ്, വെള്ളിയാകുളം | കീഴാഞ്ഞിലിച്ചിറ, വാരനാട് പി.ഒ, ചേർത്തല |
| ശ്രീമതി.റാണി ഭരതൻ, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത് | പുഷ്പസരസ്സ്, കടക്കരപ്പള്ളി പി.ഒ., ചേർത്തല |
| ശ്രീ.ഷാനവാസ് എ.എം, കൃഷി ഓഫീസർ | കൃഷി ഓഫീസർ, തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത് | ആക്കടിയിൽ,മിയിലൂർ, പല്ലാരിമംഗലം പി.ഒ, എറണാകുളം |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1998-99 (വരവ്-ചെലവ്) | എൽ.എഫ്.ജി.എ5/1182/2011/19.01.2012 |
| 2001-02 (ചെലവ്-പദ്ധതി വിഹിതം ഒഴികെ) | എൽ.എഫ്.ജി.എ5-1182/11/19.01.2012 |
| 2003-04 | എൽ.എഫ്.ജി.എ5-1182/11/19.01.2012 |
| 2004-05 | എൽ.എഫ്.ജി.എ5-1182/11/19.01.2012 |
| 2005-06 (ചെലവ്) | എൽ.എഫ്.ജി.എ5-1182/11/19.01.2012 |
| 2006-07 | എൽ.എഫ്.ജി.എ16-925/10/19.02.11/28.02.2011 |
| 2007-08 | എൽ.എഫ്.ജി.എ9-603/11/10.01.12/13.06.2012 |
| 2008-09 | എൽ.എഫ്.ജി.എ9-374/12/06.07.12/03.09.2012 |
| 2009-10 | എൽ.എഫ്.ജി.എ9-343/12/06.07.12/03.09.2012 |
| 2010-11&2011-12 | കെ.എസ്.എ/എ.എൽ.പി/പി9/1237/2022/04.05.2023 |
| 2012-13 | കെ.എസ്.എ/എ.എൽ.പി/പി9/1237/2022/04.05.2023 |
| 2013-14 | കെ.എസ്.എ/എ.എൽ.പി/പി9/1237/2022/04.05.2023 |

| | |
|---|---|
| 2014-15 | കെ.എസ്.എ/എ.എൽ.പി/പി9/1237/2022/04.05.2023 |
| 2015-16 | കെ.എസ്.എ/എ.എൽ.പി/പി9/1237/2022,04.05.2023 |
| 2016-17 | കെ.എസ്.എ/എ.എൽ.പി/പി9/1237/2022, 04.05.2023 |
| 2017-18 | കെ.എസ്.എ/എ.എൽ.പി/പി9/1237/2022/04.05.2023 |
| 2018-19 | കെ.എസ്.എ/എ.എൽ.പി/പി9/1237/2022/04.05.2023 |
| 2019-20 | കെ.എസ്.എ.എ.എൽ.പി-പി.9-912/2021/24.2.2022 |
| 2020-21 | കെ.എസ്.എ.എ.എൽ.പി-പി.9-913/2021/24.2.2022 |
| 2021-22 | കെ.എസ്.എ.എ.എൽ.പി-പി.9-1586/23.02.2023 |

അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 24-07-2023 and submitted on 25-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Thanneermukkam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Thanneermukkam Grama Panchayat for the year 2022-2023

Date: 08/11/2023

Deputy Director
District Office Alappuzha
Kerala State Audit Department

## Audit Report appended to the Audit Certificate of Thanneermukkam Grama Panchayat for the Year 2022-2023.

**1.Major Observations**

Nil

**2.Other Observations**

1) The mandatory financial statements such as ratios, notes on accounts prescribed in accounting rules are not submitted for audit.

2) Net increase / decrease in cash flow does not match with the differernce between the opening and closing balance of cash and cash equivalens.

3)As per Annual Finance statement, the deposit in SBI Epayment account is Rs.4594790. But according to the bank reconciliation statement, the balance in this account is Rs.4609335. The difference is Rs.14545.

4) The DCB is not prepared and certified by the Secretary in the registers of income such as rent, proffession tax, auction, license fee etc. Therefore, it has not been possible to verify the authenticity of the various
incomes included in the Annual Finance Statement.

5)Demand entries are not recorded in the property tax,Profession Tax,rent ledger at the beginning of the year and every month thereafter. A demand entry is recorded in the ledger only at the end of the year.
6)Deposit Register and Advance Register (Advance to Others) are not properly prepared and certified by the Secretary.

7)The Collection of Property Tax as per Annual Account does not match with the entries from Sanjaya Software D.C.B Statement.
8) The asset register is not updated by including the assets acquired during the year.

Deputy Director

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ തണ്ണീർമുക്കം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്